9. Sri T. K. Deva Kumar
10. ,, P. C. George
11. Smt. Girija Surendran
12. Sri K. K. Jayachandran
13. ,, M. V. Jayarajan
14. ,, P. Jayarajan
15. ,, V. C. Kabeer
16. ,, M. Kumaran
17. ,, K. V. Kunhiraman
18. ,, Kovoor Kunjumon
19. ,, V. K. C. Mammathu Koya
20. ,, Mathai Chacko
21. ,, K. P. Mohanan
22. ,, Pirappancode Murali
23. ,, C. K. Nanu
24. ,, P. Narayanan
25. Dr. A. Neelalohithadasan Nadar
26. Sri K. Radhakrishnan
27. ,, N. Rajan
28. ,, K. P. Rajendran
29. ,, Raju Abraham
30. ,, T. P. Ramakrishnan
31. ,, Saju Paul
32. ,, A C. Shanmughadas
33. Smt. P. K. Sreemathi Teacher
34. Sri P. S. Supal
35. Dr. Thomas Issac

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—63

പ്രതികൂലിക്കുന്നവർ—35

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പാസ്സായിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള ഗവൺമെന്റ് ഗാരന്റികളുടെ പരമാവധി പരിധി ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള ഗവൺമെന്റ് ഗാരന്റികളുടെ പരമാവധി പരിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: കേരള ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ബില്ലിന്റേയും കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗാരന്റീസ് ബില്ലിന്റേയും ലക്ഷ്യം ഒന്നുതന്നെയാണ്. സാമ്പത്തിക മേഖലയിൽ ഇടപെടുന്നതിനുള്ള സർക്കാരിന്റെ കഴിവിനെ പരിമിതപ്പെടുത്താൻ flexibility കുറയ്ക്കുകയാണ് വേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ന്യൂസിലാന്റിലാണ് ഇത് ആരംഭിച്ചത്; പക്ഷേ ന്യൂസിലാന്റിനേക്കാൾ വളരെ പ്രധാനപ്പെട്ടത് യൂറോപ്യൻ യൂണിയനിൽ നടപ്പിലാക്കിയതാണ്. യൂറോപ്യൻ യൂണിയനിൽ അംഗത്വം

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

എടുക്കണമെങ്കിൽ ഫിസ്ക്കൽ ഡെഫിസിറ്റ് മൂന്ന് ശതമാനം പരിമിതപ്പെടുത്തേണ്ടിയിരിക്കുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ ഇത്തരത്തിലുള്ള സമീപനം സാർവ്വത്രികമായതിന്റെ പിന്നിൽ വളരെ നിയതമായ ഒരു ലക്ഷ്യമുണ്ട്. ഇത് ഇന്ത്യയിൽ അനുകരിക്കാൻ ശ്രമിക്കുമ്പോഴാണ് നമ്മുടെ താൽപ്പര്യത്തിന് വിരുദ്ധമായിത്തീരുന്നത്. മോണിറ്ററി പോളിസിയും ഫിസ്ക്കൽ പോളിസിയും തമ്മിലുള്ള ബന്ധം ഇല്ലാതാക്കുക. ഫിസ്ക്കൽ ഡെഫിസിറ്റ്, നമ്മൾ വായ്പ എടുക്കുന്നതുകൂടി കഴിഞ്ഞാൽ വായ്പയുടെ ഗണ്യമായ ഭാഗം മോണിറ്റൈസ് ചെയ്യപ്പെടുകയാണെങ്കിൽ ഇത് വിലനിലവാരത്തേയും പലിശ നിരക്കിനേയും ബാധിക്കും. സാധാരണ ഗതിയിലുള്ള കെനിഷ്യൻ തത്വപ്രകാരം അതിൽ ഒരു തെറ്റും ഇല്ല. അങ്ങനെ തന്നെ വേണം. കാരണം പരമമായ ലക്ഷ്യം ഫുൾ എംപ്ലോയ്മെന്റിൽ എത്തിച്ചേരുക എന്നുള്ളതാണ്. അത് വിശദമായി ഫിസ്ക്കൽ ഡെഫിസിറ്റിൽ വർദ്ധനയുണ്ടാക്കുക എന്നുള്ളതാണ് കെനിഷ്യൻ പോളിസി. എന്നാൽ കെനിഷ്യനിസത്തിനുപകരം മോണിറ്ററിസമാണ് പാശ്ചാത്യ രാജ്യങ്ങളിൽ ആധിപത്യം പുലർത്തുന്നത്. ഉദാഹരണത്തിന് യൂറോപ്പിൽ ജോലി ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം പ്രധാനമായിട്ടുള്ളത്, യൂറോയുടെ വില ഡോളറിനെ അപേക്ഷിച്ച് സുസ്ഥിരമായി നിർത്തുക, അങ്ങനെ സുസ്ഥിരമായ യൂറോയുടെ വില നിലനിർത്തണമെങ്കിൽ ഓരോ യൂറോപ്യൻ സർക്കാരും അവരുടെ ഫിസ്ക്കൽ പോളിസിയുടെ വില നിലവാരത്തേയും പലിശ നിരക്കിനേയും സ്വാധീനിക്കുന്നതിനുള്ള അവകാശം ഉണ്ടാകരുത്. അതുകൊണ്ടാണ് കേന്ദ്ര റിസർവ് ബാങ്കിന് പരിപൂർണ്ണ സ്വാതന്ത്ര്യം നൽകിക്കൊണ്ട് ഈ ധനകാര്യ നയത്തിൽ, ഫിസ്ക്കൽ പോളിസിയിൽ ഇത്തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടുവരാൻ അവർ തയ്യാറായത്. എന്നാൽ ഇന്ത്യയെപ്പോലുള്ള രാജ്യത്ത് നമ്മുടെ ഏറ്റവും പരമപ്രധാനമായുള്ള ലക്ഷ്യം എന്താണ്? ഡെവലപ്പ്മെന്റാണ്. ഡെവലപ്പ്മെന്റിനുവേണ്ടി കൂടുതൽ മൂലധനം മുടക്കിക്കൊണ്ടു വരിക എന്നുള്ളതാണ്. ഇപ്പോൾ പാശ്ചാത്യരാജ്യങ്ങളുടെ സമ്പദ്ഘടനയിൽനിന്ന് വ്യത്യസ്തമായ ഡെവലപ്മെന്റാണ് നമ്മുടെ പ്രൈമറി അജണ്ട. അതിനുവേണ്ടി വായ്പയെടുക്കണം; മുതൽമുടക്കണം. അങ്ങനെ വായ്പയെടുക്കുമ്പോൾ സസ്റ്റെയിനബിളാകണം. ഇത് എങ്ങനെ സസ്റ്റെയിനബിൾ ആക്കും? ഇപ്പോൾ പാസ്സാക്കിയ ബില്ലിൽ ഒന്നര ശതമാനം എന്നുള്ളത് രണ്ട് ശതമാനം ഉയർത്തി. ഈ രണ്ടു ശതമാനത്തിന് യാതൊരു sanctity-യും ഇല്ല. നിങ്ങൾ യഥാർത്ഥത്തിൽ പറയേണ്ടത് എത്ര ഡബ്റ്റ് ബർഡൻ ഉണ്ടാകാം, നമ്മൾ എത്ര വായ്പ എടുക്കുന്നു, ഓരോ വർഷവും എന്താണ് എഫക്റ്റീവ് നെറ്റ് പലിശ നിരക്ക് വേണ്ടിവരുന്നത്, എന്താണ് സമ്പദ്ഘടനയുടെ ഗ്രോത്ത് റേറ്റ് എന്നുള്ളതാണ്. നമുക്ക് മോഡൽ ഉണ്ടാക്കി ഓരോ വർഷവും വളരെ സുതാര്യമായ രീതിയിൽ ഈ വർഷത്തെ സസ്റ്റെയിനബിൾ ഫിസ്ക്കൽ ഡെഫിസിറ്റ് ലെവൽ എന്തെന്ന് മനസ്സിലാക്കാം, നടപ്പാക്കാം. അതിനുപകരം യാന്ത്രികമായിട്ട് ഒന്നര ശതമാനം നിരക്കിലേക്ക് വന്നിരിക്കുകയാണ്. ഒന്നര ശതമാനം അല്ലെങ്കിൽ 2 ശതമാനം നമ്മുടെ ഫിസ്ക്കൽ

LIBRARY ARCHIVES Kerala Legislative Assembly

ഡെഫിസിറ്റ് ഉയരാം. ഏതെല്ലാം മാർഗ്ഗത്തിലാണ്? മൂന്ന് മാർഗ്ഗമാണ് മുഖ്യമായിട്ടും സർക്കാരിന്റെ മുന്നിലുള്ളത്. ഒന്ന്, കേന്ദ്ര സർക്കാർ തരുന്ന വായ്പകൾ അത് കേന്ദ്ര സർക്കാരിന്റെ ഇഷ്ടാനിഷ്ടങ്ങളെ discretionary powers-നെ പരിപൂർണ്ണമായിട്ട് ആശ്രയിച്ചിരിക്കുന്ന ഒന്നാണ്. ഇന്നിപ്പോൾ സംസ്ഥാനങ്ങൾക്ക് കിട്ടുന്ന മൊത്തം ധനത്തിന്റെ, വായ്പയുടെ ഏതാണ്ട് 55 ശതമാനം ഇപ്രകാരം കേന്ദ്രം തരുന്നതാണ്. നമ്മുടെ ഏറ്റവും അവസാനത്തെ, 2001-2002-ലെ കണക്കുപ്രകാരം അത് ഏതാണ്ട് 72 ശതമാനം ആയിരുന്നു. ഇപ്പോൾ 55 ശതമാനം ആയി കുറഞ്ഞു. നമ്മുടെ ആഭ്യന്തര വായ്പകൾ, കമ്പോളത്തിൽ നിന്നെടുക്കുന്ന വായ്പകൾ, ആർ.ബി.ഐ.-യിൽ നിന്നുള്ള ക്രഡിറ്റ് അതുപോലെ തന്നെ ബാങ്കിൽ നിന്നുള്ള വായ്പ ഇതെല്ലാം ഏതാണ്ട് 22 ശതമാനം വരും. അതു പണ്ടും ഏകദേശം ഇത്രയേ ഉണ്ടായിരുന്നുള്ളൂ. മൂന്നാമത്തെ ഇനമാണ് പ്രോവിഡന്റ് ഫണ്ട്. മറ്റുള്ള പബ്ലിക് വകുപ്പുകളിൽ നിന്നുള്ള വായ്പകളെല്ലാം ഏതാണ്ട് 20 ശതമാനം വരും. അപ്പോൾ വളരെ തുച്ഛമായ ഒരു ഭാഗമൊഴിച്ച് ബാക്കി വായ്പകളെല്ലാം ഒന്നുകിൽ കേന്ദ്ര സർക്കാരിൽ നിന്ന് അനുവദിച്ചു തരണം അല്ലെങ്കിൽ നമുക്ക് പെർമിഷൻ തരണം. അപ്പോൾ അത്തരത്തിൽ ഇന്ത്യയിലുള്ള കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങളുടെ പശ്ചാത്തലത്തിൽ ഒരു സംസ്ഥാന സർക്കാരിന് വായ്പ സമാഹരിക്കുന്നതിന് ആവശ്യമെന്നു കണ്ടുകഴിഞ്ഞാൽപോലും വായ്പകൾ സമാഹരിക്കുന്നതിന് സ്വാതന്ത്ര്യമില്ല എന്നുള്ളതാണ് സ്ഥിതി. അതുകൊണ്ടാണ് സംസ്ഥാനങ്ങൾ ഒരു ഉപായം കണ്ടെത്തിയത്. ഇത് ഈ ബില്ലിന്റെ വിശദീകരണത്തിൽ പറയുന്നതുപോലെ ഭരണഘടനാ വിരുദ്ധമൊന്നുമല്ല. ഭരണ ഘടനയിലുള്ള ലൂപ്ഹോൾസ് ഉപയോഗിച്ച് സംസ്ഥാനങ്ങൾ അവർക്കുവേണ്ടിയുള്ള വായ്പ സമാഹരിക്കുന്നു. എങ്ങനെ? സംസ്ഥാനം നേരിട്ട് വായ്പ എടുക്കുന്നതിനുപകരം സംസ്ഥാന സർക്കാരിന്റെ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ കോർപ്പറേഷനുകൾ, സഹകരണ മേഖലകൾ തുടങ്ങി പൊതുമേഖലാ-അർദ്ധ പൊതുമേഖലാ സ്ഥാപനങ്ങൾ കമ്പോളത്തിൽ നിന്നും വായ്പ എടുക്കുകയാണെങ്കിൽ അതിന് ഗാരന്റി നിൽക്കുന്നു. ഇതുവഴി നമുക്കിന്നു സമാഹരിക്കാൻ കഴിഞ്ഞിട്ടുള്ള വായ്പകൾ എന്നു പറയുന്നത് നമ്മുടെ മൊത്തം കടബാദ്ധ്യതയുടെ ഏതാണ്ട് മൂന്നിലൊന്ന് വരും. നമ്മുടെ ആഭ്യന്തര വരുമാനത്തിന്റെ 18 ശതമാനം. ഈ ബില്ലിൽ പറയുന്നതുപോലെ അക്കാര്യത്തിൽ ഒരു സംശയവുമില്ല. ഇത് നമ്മൾ ദുരുപയോഗപ്പെടുത്തിയിട്ട് മാറി മാറി വന്ന സർക്കാരുകൾ കാരണം മറ്റുള്ളവർക്ക് ഗാരന്റി നിൽക്കുമ്പോൾ അവർ കൊടുത്തില്ലെങ്കിൽ ആ വായ്പ സർക്കാർ തിരിച്ചടയ്ക്കേണ്ടിവരും എന്നുള്ള ബോധമില്ലാത്തുകൊണ്ട് വിവേചനരഹിതമായിട്ട് വായ്പ നൽകാൻ ഗാരന്റി നിൽക്കുന്ന സമീപനം വന്നിട്ടുണ്ട്. അതിന്റെ ഫലമായിട്ട് നമ്മുടെ വായ്പ വളരെ ഉയർന്നിട്ടുണ്ട്. ഗാരന്റി നിൽക്കുന്ന തുക ഉയർന്നിട്ടുണ്ട്. അതിൽ എനിക്കൊരു സംശയമുണ്ട്. ധനകാര്യ വകുപ്പുമന്ത്രി പിന്നീട് മറുപടി പറയുമ്പോൾ അത് വിശദീകരിച്ചാൽ നന്നായിരിക്കും. Budget in Brief-ന്റെ 36-ാമത്തെ പേജ്, (എ) പ്രകാരം outstanding guarantees 12,000 കോടി രൂപയാണ്. എന്നാൽ തൊട്ട് അപ്പുറത്തെ പേജിൽ (പേജ് 37) (എ)-ൽ അവിടുത്തെ നീണ്ട ടേബിളിൽ നിങ്ങൾ ഗതിക്കണക്ക് നൽകുമ്പോൾ, ട്രെൻഡ് കണക്ക് നൽകുമ്പോൾ 2001-2002-ലെ outstanding guarantee 13,800 കോടി രൂപയാണ്. ഞാൻ പറയാൻ ഉദ്ദേശിച്ചത് നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ മൊത്തം ഗാരന്റി പേജ് 37-ലെ കണക്കുപ്രകാരം 9553 കോടി രൂപയാണ്. ഒറ്റ വർഷം കൊണ്ട് അത് നിങ്ങൾ 13,823 കോടി രൂപയാക്കി. 24 ശതമാനം വർദ്ധനവാണ് ഒറ്റ വർഷം കൊണ്ട് ഇവിടെ ആദ്യത്തെ വർഷത്തിൽ ഗാരന്റി നൽകിയ തുകയിൽ outstanding

LIBRARY ARCHIVES Kerala Legislative Assembly

നൽകിയ തുകയിൽ വരുത്തിയിരിക്കുന്നത്. രണ്ടാം വർഷംകൂടി കണക്കിലെടുക്കുമ്പോൾ എനിക്കൊരു സംശയവുമില്ല സംസ്ഥാനത്തിന്റെ outstanding guarantees 14,000 കോടി രൂപയിൽപരം വരും. അപ്പോൾ ഈ പാസ്സാക്കിയ ബില്ലിന്റെ അർത്ഥം എന്താണ്? ഇപ്പോൾ പാസ്സാക്കാൻ പോകുന്ന ബില്ലിൽ പറയുന്നത് സംസ്ഥാന സർക്കാർ ഇനിമേൽ ആർക്കും ഗാരന്റി നിൽക്കുകയില്ല എന്നുള്ളതു തന്നെയാണ്. സ്വകാര്യ വ്യക്തികൾക്ക്, സ്വകാര്യ കമ്പനികൾക്ക് ഗാരന്റി നിൽക്കുകയില്ല എന്നൊക്കെ വ്യവസ്ഥ വച്ചിട്ടുണ്ട്. ഒരർത്ഥവുമില്ലാത്ത കാര്യങ്ങളാണ്. ഇതിനകം തന്നെ നിങ്ങൾ Budget in Brief-ൽ നൽകിയിട്ടുള്ള കണക്ക് ശരിയാണെങ്കിൽ സംസ്ഥാനത്തിന്റെ outstanding guarantees 14,000-ൽപരം കോടി രൂപയാണ്. അപ്പോഴും നിങ്ങൾ ഈ ബില്ലിൽ സംസ്ഥാന സർക്കാർ ഒരു കാരണവശാലും 14,000 കോടി രൂപയേക്കാൾ ഗാരന്റി നിൽക്കുന്നില്ല എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം ഇനിമേൽ സംസ്ഥാന സർക്കാർ ഗാരന്റി നിൽക്കുന്നില്ല എന്നുള്ളതാണ്. ഇന്നത്തെ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ പശ്ചാത്തലത്തിൽ, കേന്ദ്രം നമുക്കു തരേണ്ട ഗ്രാന്റുകളും മറ്റും കൂടുതൽ കൂടുതൽ വായ്പകളാക്കി മാറ്റിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ നമുക്കു തരേണ്ട വായ്പകൾ, വാങ്ങിക്കാൻ പറ്റുന്ന വായ്പകളുടെ മേൽ കർശന നിയന്ത്രണം ഏർപ്പെടുത്തുന്ന കാലയളവിൽ, ഒരു സംസ്ഥാന സർക്കാരിനുള്ള manoeuvrability അത് ഇത്തരത്തിൽ 14,000 കോടി രൂപയായി നിജപ്പെടുത്തി ഇല്ലാതാക്കിയതിന്റെ അർത്ഥമെന്താണ്? ഞാൻ പറയുന്നത് ഗാരന്റി കൊടുക്കണം. ആർക്കും ഗാരന്റി കൊടുത്ത് വായ്പ എടുക്കാൻ അനുവദിക്കണം എന്നല്ല, you keep the freedom. നിങ്ങൾക്കതിനുള്ള സ്വാതന്ത്ര്യം തരുന്നു. വിവേചനബുദ്ധി വച്ചോളൂ. ആരെങ്കിലും വായ്പയ്ക്ക് ഗാരന്റി അപേക്ഷിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിൽ നിങ്ങൾ risk rating നടത്തൂ. തദ്ദേശ ഭരണ സ്ഥാപനങ്ങൾ, വീടിനുവേണ്ടി വായ്പ എടുക്കുന്നു. ഒരു റിസ്കും ഇല്ല. കാരണം എന്താണ്? അടുത്ത വർഷം വരുന്ന grant-in-aid-ൽ നിന്ന് പിടിക്കാം. അത് റിസ്ക് ഫ്രീ ആണ്. അതേസമയം പബ്ലിക് സെക്ടർ, ആ commercial risk ഉണ്ട്. ഈ risk rating സുതാര്യമായ രീതിയിൽ കമ്മിറ്റിയെ വച്ച് നടത്തി റിസ്ക് കുറഞ്ഞതിന്, അത്യാവശ്യമാണ് എന്ന് ബോദ്ധ്യപ്പെടുന്നതിന് ഗാരന്റി കൊടുക്കുന്നതിനുള്ള വ്യവസ്ഥ വയ്ക്കൂ. 14,000 കോടി രൂപ എന്നു പറഞ്ഞാൽ ഇപ്പോഴത്തെ സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ ഏതാണ്ട് 18 ശതമാനം വരും. ഞാൻ പറയുന്നത് 18 ശതമാനം വേണ്ട, നിങ്ങൾ 15 ശതമാനം എന്നുവയ്ക്കൂ. അടുത്ത വർഷവും അതിന്റെ പിന്നത്തെ വർഷവും സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനം കൂടുമ്പോൾ അതനുസരിച്ച് കൂടുതൽ ഗാരന്റി നൽകാനുള്ള ഒരു അവകാശം സംസ്ഥാന സർക്കാരിന് വേണ്ടതല്ലേ എന്ന് ചിന്തിക്കാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. ഞാൻ ദീർഘിപ്പിച്ചുകൊണ്ട് പോകുന്നില്ല. ഈ ബില്ലിൽ എങ്ങനെയാണ് ഈ 14,000 കോടി രൂപയിൽ എത്തിയത് എന്നുള്ളതിന്റെ യുക്തി ഒന്ന് വ്യക്തമാക്കണം. ഒരു യുക്തിയും ഇല്ലാത്ത നമ്പരാണ്. അത് സംസ്ഥാന വരുമാനത്തിന്റെ ശതമാനമായിട്ടെങ്കിലും വയ്ക്കാനുള്ള ഒരു സാമാന്യ നീതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പുലർത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനോടുള്ള ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

ശ്രീ. ടി. കെ. ബാലൻ: സർ, ഞാനെന്റെ ഡിസന്റ് അവതരിപ്പിക്കുകയാണ്. കഴിഞ്ഞ 24 മണിക്കൂറിനിടയ്ക്ക് ഈ അസംബ്ലിയിൽ പരിഗണനയ്ക്കുവരുന്ന രണ്ടാമത്തെ ബില്ലാണിത്. ഈ രണ്ടു ബില്ലും പരിശോധിച്ചാൽ ഡോ. തോമസ് ഐസക്കും അതുപോലെ കഴിഞ്ഞ ബില്ലിന്റെ പരിഗണനയിൽ ഇങ്ങേ ഭാഗത്തുനിന്ന് പറഞ്ഞ ആളുകളും പറഞ്ഞത് എല്ലാം

LIBRARY ARCHIVES Kerala Legislative Assembly

പൊതുവായി ഈ ബില്ലിനും ബാധകമാണ്. നമ്മൾ ഇതു പാസ്സാക്കുന്ന സമയത്ത് രാഷ്ട്രീയം പറയുകയാണെന്ന് വിചാരിക്കരുത്. പഴയ രാജവംശകാലത്തൊക്കെ രാജാവിനെ സ്തുതിച്ചു കൊണ്ട് പാഠപുസ്തകങ്ങളിൽ എഴുതാറുണ്ട്. അതുപോലെ എല്ലാ സ്ഥലങ്ങളിലും രാജാവിനെ സ്തുതിച്ചുകൊണ്ട് ആളുകൾ സംസാരിക്കുകയും ചെയ്യാറുണ്ട്. ഞാൻ പഴയ ബ്രിട്ടീഷ് ഇന്ത്യൻ ചരിത്രം പഠിച്ചവനാണ്. മഹാത്മാഗാന്ധിയുടെ ഫോട്ടോ ഇവിടെ വച്ചിട്ടുണ്ടല്ലോ. പക്ഷേ അന്ന് ബ്രട്ടീഷ് ഇന്ത്യ ഹിസ്റ്ററി ബുക്കിൽ വെള്ളക്കാർ വിശേഷിപ്പിച്ചത് ബാരിസ്റ്റർ എം.കെ. ഗാന്ധി എന്നാണ്. മാത്രമല്ല ഞങ്ങളൊക്കെ അന്ന് മഹാത്മാഗാന്ധിയെപ്പറ്റി പഠിച്ചത് ബ്രിട്ടീഷ് റൂളിന് എതിരായിട്ടുള്ള ഒരു റിബലാണ് എന്നാണ്. അങ്ങനെയുള്ള ബാരിസ്റ്ററാണ് എന്നു പറഞ്ഞുകൊണ്ടാണ് പഠിച്ചത്. അന്ന് ഞങ്ങളൊക്കെ രാവിലെ എഴുന്നേറ്റ് സ്കൂളിൽ പോയാൽ ആദ്യത്തെ പാഠം തന്നെ, 'അഞ്ചാം ജോർജ്ജ് ചക്രവർത്തി വാഴ്ക' എന്നുള്ളതാണ്. ഞാൻ പറയുന്നത് കാലം മാറി, ചരിത്രം അങ്ങനെ ആവർത്തിക്കില്ല എന്നു പറയാം. പക്ഷേ ഈ ബിൽ കാണുമ്പോൾ ആ മഹാത്മാഗാന്ധിയുടെ ഫോട്ടോയ്ക്ക് താഴെ നമ്മുടെ ഗവൺമെന്റ് അല്ലെങ്കിൽ അതിന്റെ പ്രതിനിധിയായ ധനമന്ത്രി 'എ.ഡി.ബി. വാഴ്ക' എന്നു പറഞ്ഞുകൊണ്ട് എഴുതിവച്ചാൽ എല്ലാമായി. ആ രൂപത്തിലുള്ള ഈ ബില്ലിനെ സംബന്ധിച്ച് പറയാനുള്ളത്, ഈ ബില്ലിൽ 14,000 കോടി രൂപയുടെ ഒരു സീലിംഗ്, ഗാരന്റിയെ സംബന്ധിച്ച് എന്താണെന്നു ചോദിച്ചപ്പോൾ 18,000 കോടി രൂപയോളം നമ്മുടെ ഒരു വർഷത്തെ റവന്യൂ റെസീപ്റ്റ് ഉണ്ട്. അത് കുറച്ചു വർദ്ധിപ്പിച്ചു. അങ്ങനെയൊരു 14,000 കോടി രൂപയാക്കുന്നു എന്നാണ്. എങ്ങനെയെങ്കിലും ഒരു സാമ്പത്തിക നിയന്ത്രണം എല്ലാ മേഖലകളിലും കൊണ്ടുവരണം എന്നുപറഞ്ഞുകൊണ്ട് ഇങ്ങനെയൊരു ഗാരന്റി ബിൽ കൊണ്ടുവരികയാണ്. ഇത് എന്തിനെയെല്ലാം ബാധിക്കും എന്നുള്ളത് ഒന്നു പരിശോധിച്ചു നോക്കണ്ടേ? കേരളത്തിൽ 123 കോർപ്പറേഷനുകളും ബോർഡുകളുമുണ്ട്. ഈ ബോർഡുകളുടേയും കോർപ്പറേഷന്റേയും ഒക്കെ എണ്ണം കുറയ്ക്കാൻ പറ്റുമോ എന്നുള്ളത് വേറൊരു തരത്തിലുള്ള ചിന്തയാണ്. മറ്റ് കോർപ്പറേഷനുകൾ നടത്തുന്ന പ്രവർത്തനത്തിൽ അത് ആവശ്യമാണോ എന്നുള്ളത് വേറൊരു പ്രശ്നമാണ്. പക്ഷേ ഈ കോർപ്പറേഷനുകളും ബോർഡുകളും സഹകരണ സ്ഥാപനങ്ങളുമെല്ലാം നമ്മുടെ നാട്ടിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ആ ഉദ്ദേശത്തോടുകൂടിയാണ് ഗവൺമെന്റ് ഇതൊക്കെ രൂപീകരിച്ചിട്ടുള്ളതെന്ന് നാം കാണാതിരുന്നുകൂടാ. നമ്മുടെ സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ പ്രൈമറി സെക്ഷനിൽ 92 ശതമാനവും ഏറ്റവും പ്രശസ്തമായി നടക്കുന്ന സ്ഥാപനങ്ങളല്ലാതെ ജനാധിപത്യ വ്യവസ്ഥ പാലിക്കുന്നത് നമ്മുടെ കൊച്ചു കേരളത്തിലാണ്. അതിന്റെ പിന്നിൽ നമ്മുടെ രാഷ്ട്രീയ പ്രബുദ്ധതയും നമ്മുടെ സാക്ഷരതയുമെല്ലാം ആണ് എന്നുള്ളത് നമ്മൾ കാണാതിരുന്നുകൂടാ, അഭിപ്രായ വ്യത്യാസമുണ്ടാകാം. ചിലപ്പോൾ നിങ്ങൾ ആ മേഖലയെ തകർക്കാൻ വേണ്ടിയെടുത്ത കാര്യങ്ങളെപ്പറ്റി ഞങ്ങൾ വിമർശിച്ചിരിക്കാം. ഞങ്ങളെടുത്ത നടപടിയെ നിങ്ങൾ വിമർശിച്ചിരിക്കാം. പക്ഷേ, പൊതുവായി നമ്മുടെ സഹകരണ പ്രസ്ഥാനം ഇന്ത്യയ്ക്കാകെ അഭിമാനിക്കത്തക്കവിധത്തിലുള്ള ഒരു സഹകരണ പ്രസ്ഥാനത്തെ നമ്മൾ ഇവിടെ കെട്ടിപൊക്കിയിട്ടുണ്ട്. ഈ ബിൽ പാസ്സാക്കിക്കഴിഞ്ഞാൽ അതിന്റെ സ്ഥിതി എന്താകും? നമ്മൾ ആലോചിച്ചുനോക്കണം. ഇവിടെ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ ബാങ്കിംഗുണ്ട്. ഇപ്പോഴാണെങ്കിൽ പ്രൊഫഷണൽ കോളേജുകൾ സഹകരണ പ്രസ്ഥാനം നടത്തുന്നുണ്ട്. പ്രശസ്ത ഹോസ്പിറ്റലുകൾ, അതിന്റെ ശൃംഖലതന്നെ കേരളത്തിലെ സഹകരണ മേഖലയിൽ വന്നിട്ടുണ്ട്. എഡ്യൂക്കേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്റ്റിറ്റ്യൂഷൻസ് ഉണ്ട്. ഫാക്ടറികളുണ്ട്. നമുക്കറിയില്ലേ, 'റബ്കോ' എന്നു പറയുന്ന സഹകരണ മേഖലയെ കെട്ടിപ്പൊക്കിയിട്ട് ആ പ്രസ്ഥാനം ഇന്ന് ലോക പ്രശസ്ത രാജ്യങ്ങളിൽ മാത്രമല്ല, മലേഷ്യ, സിംഗപ്പൂർ, ഇംഗ്ലണ്ട് മുതലായ രാജ്യങ്ങളിലേക്കടക്കം ഈ കൊച്ചു കേരളത്തിലുണ്ടായ സഹകരണ സ്ഥാപനത്തിൽ നിന്നുള്ള പ്രോഡക്ട്സ് കയറ്റി അയയ്ക്കുകയാണ്. 110 കോടി രൂപയുടെ ഓർഡറാണ് ലഭിച്ചിട്ടുള്ളത്. ആ രൂപത്തിലുള്ള നിരവധി കാര്യങ്ങൾ സഹകരണ മേഖലയിൽ ചെയ്യുന്നുണ്ട്. ഇങ്ങനെ ഒരു ഗാരന്റി ബിൽ കൊണ്ടുവന്ന് ഇത്തരം സ്ഥാപനങ്ങളൊക്കെ നന്നാക്കിയെടുക്കണമെന്ന കാര്യത്തിൽ പ്രശ്നമില്ല. ഗാരന്റി നിന്നിട്ട് അത് ഗവൺമെന്റിന് ബാദ്ധ്യതയായ കാര്യങ്ങളും അതിന്റെ കെടുകാര്യസ്ഥതയും അതിന്റെ കാര്യക്ഷമതയുമൊക്കെ ബഹുമാനപ്പെട്ട കോടിയേരി ചെയർമാനായിട്ടുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ലേറ്റസ്റ്റ് റിപ്പോർട്ടിലുണ്ട്. ഞാൻ അതെടുത്ത് കാണിക്കാം. അത് നന്നാക്കിയെടുക്കേണ്ടതാണ്. പക്ഷേ ഇത് തീരെ നിഷേധിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ എത്തിയാൽ ഞാൻ പറഞ്ഞതു പോലെ ഈ ഗവൺമെന്റ് ഗാരന്റി നിൽക്കുകയില്ലെങ്കിൽ ഇവിടത്തെ 123-ഓളം പൊതുമേഖലാ സ്ഥാപനങ്ങളുടേയും കോർപ്പറേഷനുകളുടേയും സ്ഥിതി എന്തായിരിക്കും? ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇവിടെയുണ്ട്. അദ്ദേഹം ഈ കോർപ്പറേഷനെ നന്നാക്കിയെടുക്കാൻ അങ്ങേയറ്റം ശ്രമിക്കുകയാണ്. ഈ ഗവൺമെന്റിന്റെ സാമ്പത്തികമായ ഒരു താങ്ങില്ലെങ്കിൽ, ഒരു വിരലെങ്കിലും കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ എങ്ങനെ അതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിക്കുന്ന മന്ത്രിക്ക് അതിനു സാധിക്കും? കെ.എസ്.ഇ.ബി.-യെ സംബന്ധിച്ച് വകുപ്പുമന്ത്രി തന്നെ പറഞ്ഞു. അതിന്റെ എല്ലാ അസറ്റ്സും എല്ലാ കാര്യങ്ങളും കേന്ദ്ര ഗവൺമെന്റ് ഒരു വർഷംകൊണ്ട് എടുക്കുകയാണെന്ന്. തിരിച്ച് നമ്മൾ കമ്പനി രൂപീകരിക്കുകയാണെങ്കിൽ മാത്രം..... ഈ ഗവൺമെന്റ് ഇപ്പോൾ കൈമാറിക്കൊടുത്തിട്ടുള്ളത് കമ്പനിയാക്കി മാറ്റുകയാണെങ്കിൽ തിരിച്ചു നൽകാമെന്നാണ് പറയുന്നത്. അങ്ങനെ രൂപീകരിക്കാൻ വേണ്ടി ഒരു പൊതുമേഖലയിൽ തന്നെയുള്ള ഒരു കമ്പനിയായി നിലനിർത്താൻപോലും ഗവൺമെന്റിന്റെ ഒരു താങ്ങില്ലെങ്കിൽ എങ്ങനെ സാധിക്കും? ആലോചിച്ചുനോക്കണ്ടേ? ഇതുപോലുള്ള കോർപ്പറേഷനുകളുടേയും ബോർഡുകളുടേയുമൊക്കെ സ്ഥിതി നമ്മൾ കാര്യമായി നോക്കണ്ടേ? ഇവരെല്ലാം ഇത് ചെയ്തു കഴിഞ്ഞാൽ നമ്മുടെ ട്രാൻസ്പോർട്ടിന് ഗവൺമെന്റ് താങ്ങും തണലുമായി നിന്നാൽ അത് യഥാർത്ഥത്തിൽ നമ്മുടെ നാട്ടിൽ എംപ്ലോയ്മെന്റ് ജനറേഷനുണ്ടാക്കും. അത് നാട്ടുകാർക്കുള്ള സേവന മേഖലയാണ്. 24 മണിക്കൂറും നമ്മുടെ സംസ്ഥാനത്തിന്റെ ഒരു ഭാഗത്തുനിന്ന് മറ്റൊരു ഭാഗത്തേക്ക് രാപ്പകലില്ലാതെ ഓടിക്കൊണ്ടിരിക്കുന്ന ട്രാൻസ്പോർട്ട് സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കണ്ടേ? ഗവൺമെന്റ് അതിന് ഗാരന്റി നിൽക്കുന്നതിൽ എന്താണ് തെറ്റ്? ഏറ്റവും വലിയ ഒരു സർവ്വീസ് മേഖലയല്ലേ കെ.എസ്.ഇ.ബി.? നമ്മുടെ സഹകരണ മേഖലയിലുള്ള നിരവധി സ്ഥാപനങ്ങൾ ഇവിടത്തെ ഏറ്റവും നല്ല സർവ്വീസ് മേഖലയല്ലേ? പ്രൊഫഷണൽ കോളേജായാലും വേറെ എന്തായാലും അതിന് താങ്ങും തണലുമായിട്ട് നിൽക്കണ്ടേ? ഏതോ ഒരു ഗവൺമെന്റിൽ നിന്നു കിട്ടുന്ന കാശ് 3,000 കോടി രൂപ അല്ലെങ്കിൽ ആരെങ്കിലും എഴുതിവയ്ക്കട്ടെ. എ.ഡി.ബി.-യിലുള്ള ആരുടെ തലയിൽ നിന്നു വീണാലും തരക്കേടില്ല. ഇത്ര ബദ്ധപ്പെട്ട് ഇങ്ങനെ ഒരു ഗാരന്റിയുടെ കാര്യത്തിൽ ഒരു ധനകാര്യ മാനേജ്മെന്റിന്റെ നിയന്ത്രണത്തെ സംബന്ധിച്ചൊക്കെ ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു തീരുമാനത്തിലെത്തുമ്പോൾ ഞാൻ പറഞ്ഞ സ്ഥാപനങ്ങളുടെ താൽപ്പര്യങ്ങൾ ഈ ഗവൺമെന്റ് കണക്കിലെടുത്തിരിക്കുന്നോയെന്ന് ഗൗരവമായി ആലോചിക്കണം. മറ്റൊന്ന് അത്തരം സ്ഥാപനങ്ങൾ തന്നെ ഇന്ന് എത്രയോ വയബിൾ ആയിട്ടുള്ള പ്രോജക്ടുകൾ ഉണ്ടാക്കുന്നുണ്ട്. ഇല്ലെന്ന് പറയാൻ പറ്റുമോ? നമ്മുടെ കോർപ്പറേഷനുകളും ബോർഡുകളും എങ്ങനെയാണ്? നമ്മുടെ കോർപ്പറേഷനെപ്പറ്റി തന്നെ പറയാം. നമുക്കിവിടെ ബാക്ക്‌വേർഡ് ക്ലാസ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷനുണ്ട്. ഇന്ത്യാ രാജ്യത്തിലെ എല്ലാ സംസ്ഥാനത്തിലും നിൽക്കുന്ന ബാക്ക്‌വേർഡ് കോർപ്പറേഷനുകളിൽ ഈ കൊച്ചു കേരളമാണ് തരുന്ന കാശു മുഴുവൻ ചെലവാക്കി ഏറ്റവും നല്ല റിട്ടേൺസ് ഉണ്ടാക്കിയിരിക്കുന്നത്. മന്ത്രി ഡോ. എം. എ. കുട്ടപ്പനെ ഇവിടെ കാണുന്നില്ല. അതേസമയം നിങ്ങൾക്കറിയാമോ? ഈ മേഖലയിൽ നിങ്ങൾ മാറി ഇപ്പോൾ ഇത്തരം സംരംഭങ്ങളുമായിട്ട് വ്യക്തികൾ വരികയാണ്. നിങ്ങൾക്ക് ഗാരന്റി നിൽക്കാൻ പറ്റില്ല. കേരളത്തിലെ ഒരു പ്രമുഖ സമുദായ നേതാവായ വെള്ളാപ്പള്ളി നടേശൻ കേന്ദ്രത്തിൽ പോയി ഒരു മൈക്രോ ഡെവലപ്പ്മെന്റ് പ്രോജക്ടുണ്ടാക്കി കേരളത്തിൽ കൊണ്ടുവന്ന് എസ്.എൻ.ഡി.പി.-യുടെ നേതൃത്വത്തിൽ ഇംപ്ലിമെന്റ് ചെയ്യാൻ വേണ്ടി തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. മത്തായി ചാക്കോ: പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനുമായിട്ട് നേരിട്ട് ഒരു ബന്ധവുമില്ലാത്ത വെള്ളാപ്പള്ളി എന്നു പറയുന്ന ആൾ മാറാട് ഒരു കോർപ്പറേഷന്റെ വാഹനത്തിൽ പോയി അവിടെ നിന്ന് ഈ പറഞ്ഞ പദ്ധതിക്കുവേണ്ടി അപേക്ഷ നേരിട്ട് വാങ്ങിയതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. ബാലൻ: അക്കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമുദായിക മായിട്ടുള്ള മുതലെടുപ്പ് നടത്താനാണ്. പോരെങ്കിൽ ആ വിഭാഗത്തിലുള്ള ആളുകൾ ക്കുവേണ്ടി വെള്ളാപ്പള്ളി 500 കോടി രൂപയുടെ മൈക്രോ ഡവലപ്മെന്റ് പ്രോജക്ട് ഉണ്ടാക്കുമെന്ന് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുകയാണ്.

ശ്രീ. എ. എൻ. രാജൻ ബാബു: അങ്ങ് സൂചിപ്പിക്കുകയുണ്ടായി, എസ്.എൻ.ഡി.പി.-യുടെ ജനറൽ സെക്രട്ടറി 500 കോടി രൂപ പ്രോജക്ടിനുവേണ്ടി കൊടുത്തുവെന്ന്. യഥാർത്ഥത്തിൽ കേരളത്തിൽ ബാക്ക്‌വേർഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് കേന്ദ്ര ഗവൺമെന്റ് ആവശ്യമായ ഫണ്ട് നൽകണമെന്നും പിന്നോക്ക സമുദായങ്ങൾക്കും ന്യൂനപക്ഷ സമുദായങ്ങൾക്കും പ്രയോജനപ്പെടുത്തുന്ന രീതിയിൽ ബി.എസ്.എസ്.-ഉം, എം.ഇ.എസ്.-ഉം അതുപോലെ തന്നെ കാത്തലിക് അസോസിയേഷനുമുൾപ്പെടെയുള്ള നോഡൽ ഏജൻസികൾ മുഖേനയാണ് ആ പണം ഉപയോഗിക്കുന്നതെന്നുള്ളത് അങ്ങേക്ക് അറിയാമോ?

ശ്രീ. ടി. കെ. ബാലൻ: വക്കീൽ ഇതിപ്പോൾ പറഞ്ഞപ്പോൾ കുറച്ചുകൂടെ ക്ലിയറായി. അതായത് അവിടെ കേന്ദ്ര ഗവൺമെന്റുണ്ട്. ഇവിടുത്തെ ബാക്ക്‌വേർഡ് ക്ലാസ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് ഒരു നല്ല സംവിധാനമുണ്ട്. അതിപ്പോൾ നിങ്ങളാണ് ഭരിക്കുന്നത് എന്നതുകൊണ്ട് ഞാൻ എതിരൊന്നും പറയുന്നില്ല. ഏറ്റവും നല്ല സംവിധാനം ഇവിടെയുണ്ട്. ഇന്ത്യയിൽ ഏറ്റവും നല്ല രൂപത്തിലാണ് അത് നടക്കുന്നത്. ആ കോർപ്പറേഷനിലൂടെ റൂട്ടൗട്ട് ചെയ്യാതെ വക്കീൽ പറഞ്ഞതുപോലെ അവിടത്തെ നോഡൽ ഏജൻസിയായി എസ്.എൻ.ഡി.പി.-യോ ജില്ലാ സാമുദായിക സംഘടനയോ, ജാതി സംഘടനയോ വരിക എന്നു പറഞ്ഞാൽ ആപൽക്കരമായ പ്രവണതയാണ്. നിങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ പ്രത്യേകിച്ച് വിശ്വസിക്കുന്നു. കാരണം അങ്ങ് വെള്ളാപ്പള്ളിയുടെ അടുത്ത ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: അങ്ങ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗാരന്റി കൊടുക്കുന്നതിനെക്കുറിച്ചാണല്ലോ പറയുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഹൗസിംഗ് ബോർഡ് ചരിത്രത്തിലാദ്യമായി വൻകുടിശ്ശിക വരുത്തിവച്ചു. അതിന്റെ ഫലമായി 'ഹഡ്കോ'-യുടെ വായ്പകൾ മുഴുവൻ സംസ്ഥാനത്ത് നിർത്തലാക്കി. ഇതുപോലെ ഗാരന്റി കൊടുക്കുന്ന ഓരോ സ്ഥാപനവും പൈസ തിരിച്ചടയ്ക്കാതിരിക്കുകയും 10 ശതമാനം ഗാരന്റി ഇൻവോക്ക് ചെയ്യുകയും ചെയ്താൽ സംസ്ഥാനം ബാങ്ക്റപ്ട് ആകുകയില്ലേ?

ശ്രീ. ടി. കെ. ബാലൻ: അങ്ങ് പറഞ്ഞത് ശരിയാണ്. എന്റെ കൈയിലുള്ളത് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ടാണ്. ഇതിൽ ഹൗസിംഗ് ബോർഡിന്റെ കാര്യം പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. അതിൽ കൊടുത്തിട്ടുള്ളതിനെപ്പറ്റിയും തിരിച്ചടയ്ക്കാത്തതിനെപ്പറ്റിയും ബഹുമാനപ്പെട്ട കോടിയേരി ചെയർമാനായിട്ടുള്ള പി.എസ്.സി. കമ്മിറ്റിയുടെ റിപ്പോർട്ടിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇനി എനിക്ക് പറയാനുള്ളത് എന്തായാലും ഒരു ബദൽ നയത്തിന്റെ പ്രശ്നമുണ്ട് എന്നാണ്.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട മെമ്പർ, അങ്ങ് ഗാരന്റി കമ്മിഷനെ സംബന്ധിച്ച് സംസാരിച്ചുകൊണ്ടിരിക്കുകയാണല്ലോ. അങ്ങ് ഇവിടെ ഉയർത്തിക്കാണിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചെയർമാനായിട്ടുള്ള പി.എസ്.സി. റിപ്പോർട്ടിൽ തന്നെ അങ്ങ് പറയുന്നതിനുമേതെ കടകവിരുദ്ധമായ കാര്യങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. The strict instructions may once again be issued to all administrative departments for observing the guidelines contained in the earlier Government circulates in this area എന്നു തുടങ്ങി വളരെ കർക്കശമായ നിയന്ത്രണം കൊണ്ടാണെന്ന് കമ്മിറ്റി റിപ്പോർട്ട് ചെയ്തിരിക്കുകയാണ്.

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ ഇത് വായിച്ചിട്ടുണ്ട്. രണ്ടും രണ്ടാണ്. ഒന്ന് ഗാരന്റിക്കുള്ള സീലിംഗ് കൊണ്ടുവന്ന് ഗാരന്റി പരമാവധി കുറയ്ക്കുക എന്ന നയപരമായ പ്രശ്നത്തെ എതിർക്കുന്നതാണ്. മറിച്ച് കൊടുത്തുകഴിഞ്ഞ കാശ് ദുരുപയോഗപ്പെടാതെ തിരിച്ചു കിട്ടണമെന്നതിൽ ഒരു പ്രശ്നവുമില്ല. ഞാൻ അതിന്റെ നോട്ട് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഇന്നലെ ഈ സഭയിൽ പറഞ്ഞതുപോലെ സംസ്ഥാന ഗവൺമെന്റിന് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ഒരു ബദൽ നയം വേണം. കേന്ദ്രം എന്താണോ പറയുന്നത് അത് ഇവിടെ നടപ്പാക്കലല്ല പ്രശ്നം. ഒരു ബദൽ നയം കൊണ്ടുവരണം. അതിന് ജനങ്ങളെ അണിനിരത്തണം. നമ്മുടെ ഭക്ഷ്യോത്പാദനം തന്നെ ഇന്ന് എവിടെയെത്തി? കേന്ദ്രത്തിനുതന്നെ പിടിച്ചുനിൽക്കുവാൻ പറ്റില്ല. ഇന്ന് അത് എത്തിയിട്ടുള്ളത് രണ്ടാം ലോക മഹായുദ്ധസമയത്ത് ഇന്ത്യയിൽ ഉണ്ടായിട്ടുള്ള ബംഗാൾ ക്ഷാമത്തിന്റെ കാലത്ത് ധാന്യത്തിന്റെ പെർക്യാപിറ്റ, അവയ്ലബിലിറ്റി എന്തായിരുന്നോ അതിലും താഴെയാണ് ഇന്ന് ഇന്ത്യയിലെ ധാന്യ ലഭ്യത-ഗൗരവമായി ചിന്തിക്കേണ്ടതാണ്. ആറ് ലക്ഷം പരമ്പരാഗത ചെറുകിട വ്യവസായ മേഖല ഇന്ന് തകർച്ചയിലാണ്. അതിനെ സംബന്ധിച്ച് ഗുപ്ത കമ്മിറ്റി റിപ്പോർട്ട് വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള നയങ്ങൾക്ക് എതിരായി ബദൽ നയങ്ങൾ കൊണ്ടുവരികയാണെങ്കിൽ അതിനു അനുസൃതമായിട്ടുള്ള ചില സാമ്പത്തിക നടപടികൾ കൊണ്ടുവരണം. ഈ ബിൽ യഥാർത്ഥത്തിൽ ഇതിനൊക്കെ എതിരായതാണ്.

12.00 Noon]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: സർ, ഈ ബില്ലിന്റെ പരിഗണനാവേളയിൽ സബ്ജക്ട് കമ്മിറ്റിയിൽ ഞങ്ങൾ ഡിസന്റ് രേഖപ്പെടുത്തിയത് എന്തുകൊണ്ടാണെന്ന് കാണിച്ചുകൊണ്ട് ഇവിടെ എന്റെ രണ്ട് അടുത്ത സുഹൃത്തുക്കൾ സംസാരിക്കുകയുണ്ടായി. കോർപ്പറേഷനുകൾക്കും ബോർഡുകൾക്കും സഹകരണ സ്ഥാപനങ്ങൾക്കും ഒക്കെ കൊടുക്കുന്ന ഗവൺമെന്റ് ഗാരന്റി അനുസ്യൂതമായി തുടരണമെന്നും ആ ഗാരന്റി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് ഉതകാത്ത രീതിയിൽ പാഴായിപ്പോകണമെന്നും ആരും വാദിക്കുകയില്ല. ഒരു പരിധി അതിനുവേണം. ഒരു പരിഹാരവും വേണം. കാരണം ഗവൺമെന്റ് പണം പൊതുപണമാണ്; ജനങ്ങളുടെ പണമാണ്. ആ പണത്തിന്റെ വിനിയോഗത്തിന് ഉദ്ദേശിക്കപ്പെട്ട കാര്യമെന്താണോ അതിനുവേണ്ടി തന്നെ അത് ചെലവഴിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തണം. ബന്ധപ്പെട്ട കോർപ്പറേഷനുകളും ബോർഡുകളും ഒക്കെ കാലാകാലങ്ങളായി പലവിധ ഡെവലപ്പ്മെന്റിന് ഉപയോഗിക്കുന്നതിനുവേണ്ടി സർക്കാരിന്റെ ഗാരന്റിയോടുകൂടി പണം വായ്പ എടുത്തിട്ടുണ്ട്. ആ വായ്പയുടെ അളവ് കൂടിക്കൂടി വരികയാണ്. അങ്ങനെ ഈ വായ്പ തിരിച്ചടയ്ക്കുവാൻ പ്രയാസം വരുമ്പോൾ അത് ഗവൺമെന്റിന്റെ ബാദ്ധ്യതയായി മാറുന്ന സ്ഥിതി ഒരു ഗവൺമെന്റിനും ഒരു ഫൈനാൻഷ്യൽ മാനേജ്മെന്റിനും ഒട്ടും ഗുണകരമല്ല. അതിന് പരിഹാരമുണ്ടാക്കുവാൻവേണ്ടിയാണ് ഈ ബില്ലെങ്കിൽ അതിനോട് പൊതുവിൽ യോജിക്കുകയേയുള്ളൂ. പക്ഷേ ഗവൺമെന്റിന്റെ കണ്ടിജന്റ് ലയബിലിറ്റിയായിട്ട് ഈ പണം മാറിക്കൂടായെന്ന ലക്ഷ്യം വച്ചുകൊണ്ട് പ്രഖ്യാപിക്കപ്പെടുന്ന ഈ ബില്ലിന്റെ ഇംപാക്ട് എന്താണെന്ന് നമ്മൾ ഗൗരവമായി പരിശോധിക്കേണ്ടതാണ്. ഈ ബില്ലിൽ ധാരാളം ആപത്തുകളുണ്ട്. അത് വേറൊന്നുംകൊണ്ടല്ല. കോർപ്പറേഷനോടും ബോർഡിനോടും ഒക്കെ വായ്പ എടുത്ത് നിങ്ങൾ കാര്യങ്ങൾ ചെയ്യുമ്പോൾ നന്നായി പോകണമെന്ന് പറയുന്ന ഗവൺമെന്റ് വാസ്തവത്തിൽ നേരാംവണ്ണം പോകുന്നുണ്ടോ? ഗവൺമെന്റ് ഫൈനാൻഷ്യൽ മാനേജ്മെന്റ് തൃപ്തികരമായ മാർഗ്ഗത്തിലൂടെയാണോ? ഇവിടെ ഗവൺമെന്റ് വരവ്-ചെലവ് കണക്കുപറയുമ്പോൾ, ബാദ്ധ്യതയുടെ കാര്യം പറയുമ്പോൾ, റവന്യൂ കമ്മിയെപ്പറ്റി പറയുമ്പോൾ, ഫിസ്ക്കൽ കമ്മിയെപ്പറ്റി പറയുമ്പോൾ ആകെപ്പാടെ ഒരു അവ്യക്തത അതിലുണ്ട്. അവകാശവാദങ്ങൾ ഒരു വഴിക്കുപോകുന്നു. യാഥാർത്ഥ്യം വേറൊരു വഴിക്കു പോകുന്നു. ഇവിടെ ധവളപത്രവും നാം കേൾക്കുന്ന പുതിയ ബാദ്ധ്യതാ കണക്കുകളും തമ്മിലുള്ള അന്തരം ഞാൻ പറയേണ്ടതില്ല. രണ്ടേകാൽ കൊല്ലംകൊണ്ട് ധവളപത്രത്തിൽ ചൂണ്ടിക്കാണിച്ച എല്ലാ വർണ്ണാഞ്ചിതമായ ചിത്രങ്ങളെയും മാറ്റിവച്ചുകൊണ്ട് കറുത്തിരുണ്ട ഒരു സാമ്പത്തിക ചിത്രത്തിന്റെ വളർച്ചയെ കാണിക്കുന്ന ഒരു ഗവൺമെന്റാണ് സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗമായി ഞങ്ങൾ ഇനിമേലിൽ ഗാരന്റി നിൽക്കുന്നതിന് പരിധിയുണ്ടെന്ന് കോർപ്പറേഷനോടും ബോർഡിനോടും ഒക്കെ പറയുവാൻ ശ്രമിച്ചത്. കോർപ്പറേഷന്റേയും ബോർഡിന്റെയും നടത്തിപ്പിൽ ബന്ധപ്പെട്ട ചുതലക്കാർ ക്രമക്കേട് കാണിച്ചെങ്കിൽ ആ ക്രമക്കേട് കാണിച്ചവർ ശിക്ഷിക്കപ്പെടണം. കഴിഞ്ഞ ബിൽ ചർച്ചാവേളയിൽ ഞാൻ അവതരിപ്പിച്ച ഒരു ഭേദഗതി വഴി മുന്നോട്ടുവച്ചത് ആ കാര്യമാണ്. ബന്ധപ്പെട്ട എക്സിക്യൂട്ടീവ്സ്, ബോർഡിന്റേയോ കോർപ്പറേഷന്റേയോ മേലാളൻമാർ കാണിക്കുന്ന ക്രമക്കേടിന്റെ ഉത്തരവാദിത്വം ഏൽക്കണം. അവരിൽ നിന്നും ആ പണം തിരിച്ചുപിടിക്കുവാനുള്ള നീക്കമുണ്ടാകണം. അതിനുള്ള ആർജ്ജവം ഗവൺമെന്റ് കാണിക്കണം. അതിൽ തർക്കമൊന്നുമില്ല. ഭരണം മാറി മാറി വരട്ടെ, എൽ.ഡി.എഫ്. ഭരിച്ചാലും യു.ഡി.എഫ്. ഭരിച്ചാലും പൊതുമേഖലാ സ്ഥാപനങ്ങളുടെ മേലാളന്മാർ ആ പൊതുമേഖലയുടെ ലക്ഷ്യത്തെ

മറന്നുകൊണ്ട്, അതിന്റെ സോഷ്യൽ മിഷനെ മറന്നുകൊണ്ട് കറവപ്പശുവായി അവയെ മാറ്റി, കുറച്ചുപേരുടെ വ്യക്തിഗതമായ സുഖങ്ങളുടേയും സൗകര്യങ്ങളുടേയും ഭാഗമാക്കി അതിനെയൊക്കെ ഉപയോഗപ്പെടുത്താൻ ശ്രമിക്കുമ്പോൾ അങ്ങനെയുണ്ടാകുന്ന സാമ്പത്തിക ബാധ്യതയുടെ ഭാരം അവർതന്നെ ഏൽക്കേണ്ടിവരും; ഇങ്ങനെയുള്ള ക്രമക്കേടുകൾക്ക് ഉത്തരവാദിയാകേണ്ടിവരും. പൊതുപണത്തിന്റെ വിനിയോഗത്തിൽ ഓരോ ചില്ലിക്കാശിനും അക്കൗണ്ടബിലിറ്റി വേണം. അതിനോടെല്ലാം ഞങ്ങൾ യോജിക്കുന്നു; പൂർണ്ണമായി പിന്തുണയ്ക്കുന്നു. അതുകൊണ്ടാണ് തൊട്ടുമുമ്പ് സഭ പാസ്സാക്കിയ ബില്ലിൽ ആ അർത്ഥത്തിൽ വരുന്ന ഒരു ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അത് പാസ്സാക്കുവാൻവേണ്ടി ഞങ്ങൾ പോൾ ആവശ്യപ്പെട്ടത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ആ ഭേദഗതിപോലും സ്വീകാര്യമല്ലെന്ന്, കോർപ്പറേഷനുകളുടേയും ബോർഡുകളുടേയും നടത്തിപ്പിൽ ക്രമക്കേട് കാണിക്കുന്നവരുടെ ഭാഗത്തുനിന്നും ആ പണം പിടിക്കുവാൻവേണ്ടി സ്റ്റെപ് എടുക്കുവാൻ ഗവൺമെന്റിന്റെ കരങ്ങളെ ശക്തിപ്പെടുത്താൻ ആവശ്യപ്പെടുന്ന ഒരു ഭേദഗതി പ്രതിപക്ഷത്തുനിന്നും കൊണ്ടുവന്നപ്പോൾ ഞങ്ങൾ നാൽപ്പതുപേരും അവിടെ നൂറുപേരുമായതുകൊണ്ട് ആ നൂറിന്റെ ബലത്തിൽ ഞങ്ങൾ പറയുന്ന ഒരു നല്ല ആശയത്തെ ഏതാനും മിനിട്ടിനു മുമ്പ് ഈ സഭയിൽ വോട്ടുചെയ്തത് പരാജയപ്പെടുത്താനായി നിർദ്ദേശം കൊടുത്ത മന്ത്രിയാണ് ഇപ്പോൾ പറയുന്നത് കോർപ്പറേഷനും ബോർഡും ഒക്കെ നല്ലവണ്ണം പ്രവർത്തിക്കണം, നിങ്ങളുടെ വായ്പ യഥോചിതം ഉപയോഗപ്പെടുത്തണം, ഞങ്ങൾ ഗാരന്റി ലിമിറ്റ് ചെയ്യാൻ പോവുകയാണ് എന്ന്. ഈ ഗവൺമെന്റിന് ഇങ്ങനെ പറയുവാനുള്ള ധാർമ്മിക അതോറിറ്റിയുണ്ടോ? ഈ ഗവൺമെന്റിന്റെ കൽപ്പനകളെ ആര് സ്വീകരിക്കുവാൻ പോകുന്നു? "എമ്പ്രാൻ അൽപ്പം കട്ട് ഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും" എല്ലാ പേർക്കും അറിയാം ഇവിടുത്തെ ഗവൺമെന്റ് എമ്പ്രാനാണെന്ന്, സാമ്പത്തിക രംഗത്ത് യാതൊരു പിടിപ്പുമില്ലാത്ത, ക്രമക്കേട് മുഖമുദ്രയാക്കിയ ഈ എമ്പ്രാൻ അൽപ്പമെങ്കിലും കട്ട് ഭുജിച്ചാൽ മതി താഴെയുള്ള എല്ലാ അമ്പലവാസികൾക്കുമറിയാം എന്തുചെയ്യണമെന്ന്; എങ്ങനെ വേണമെന്ന്. അതുകൊണ്ട് ഈ ബോർഡുകളും കോർപ്പറേഷനുകളും സഹകരണ സ്ഥാപനങ്ങളും എല്ലാം കാട്ടിലെ തടി തേവരുടെ ആന എന്ന മട്ടിലാക്കി. അതിന് മാറ്റം ഉണ്ടാകുവാനുള്ള യാതൊരു നീക്കവും ഇതിലില്ല, ഇതാണ് വിഷയം. ഇതിന് മാറ്റം ഉണ്ടാകുവാനുള്ള നീക്കം ഇല്ലാത്തതുകൊണ്ടാണ് ഞങ്ങൾ ഡിസന്റ് ഏർപ്പെടുത്തിയത്. ഒരു ഗാരന്റിയെപ്പറ്റി എനിക്ക് അറിയണം. ഈ ബില്ലിൽ ക്ലാസ് 4-ൽ "തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതെങ്കിലും സ്വകാര്യ വ്യക്തിയുടേയോ സ്ഥാപനത്തിന്റേയോ അല്ലെങ്കിൽ കോർപ്പറേഷന്റേയോ വായ്പ സംബന്ധിച്ച് യാതൊരു ഗവൺമെന്റ് ഗാരന്റിയും നൽകാൻ പാടുള്ളതല്ല" എന്ന് പറഞ്ഞിരിക്കുന്നു. നല്ല ആശയമാണ്. പക്ഷേ ഇവിടെ നമ്മൾ ചില കാര്യങ്ങൾ കേട്ടു. അങ്ങനെയുള്ള സ്വകാര്യവ്യക്തികളുടെ ഏത് സംരംഭങ്ങൾക്കും ഗവൺമെന്റ് ഗാരന്റിക്ക് വിലക്ക് ക്ലാസ് നാലിൽ ഉണ്ടോയെന്ന് ചോദിക്കുകയാണ്. കേന്ദ്രം തരുന്ന പൈസ ജനങ്ങളിലേക്ക് എത്തിക്കുവാൻ ശ്രമിക്കുമ്പോൾ, ആധികാരിക സ്വഭാവമുള്ള ഒരു കോർപ്പറേഷൻ ഉള്ളപ്പോൾ സ്വാഭാവികമായി കോർപ്പറേഷന്റെ കൈകളിലേക്ക് വരുന്ന കേന്ദ്ര പണം, ജനങ്ങളിലേക്ക് എത്തുമ്പോൾ നോഡൽ ഏജൻസിയായി ഞങ്ങൾ ചില ജാതിമത സംഘടനകളെ കൊണ്ടുവരും എന്ന പ്രഖ്യാപനം ഇവിടെ കേട്ടു. സർ, ഒരു മതേതര ഗവൺമെന്റിന്റെ കാര്യനിർവ്വഹണത്തിന്റെ ഏതു മാതൃകയാണ് അതിൽ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുന്നത്? ഒരു സെക്കുലർ ഗവൺമെന്റ് അതിന്റെ കീഴിലുള്ള ഒരു കോർപ്പറേഷനെ കൊണ്ട് ഒരു കാര്യം ചെയ്യാൻ ശ്രമിക്കുമ്പോൾ ഇത്ര കോടി രൂപ കത്തോലിക്കാ ഏജൻസിക്ക്,

LIBRARY ARCHIVES Kerala Legislative Assembly

ഇത്ര കോടി രൂപ മുസ്ലീം ഏജൻസിക്ക്, ഇത്ര കോടി രൂപ എൻ.എസ്.എസ്.-ന്, ഇത്ര കോടി രൂപ ബി.എം.എസ്.-ന്, ഇത്ര കോടി രൂപ എസ്.എൻ.ഡി.പി.-ക്ക് എന്നാണ്. ആ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി ഞാൻ ഒന്നും ഇപ്പോൾ പറയുന്നില്ല. അതിന്റെയെല്ലാം നേതാക്കളുടെ ചെയ്തികളെപ്പറ്റിയും പറയുന്നില്ല. പക്ഷേ നമ്മുടെ ഗവൺമെന്റിന്റെ സ്വഭാവം എന്താണ്? Is it a Secular Government? ഈ ഗവൺമെന്റ് സെക്കുലർ മൂല്യങ്ങളെപ്പിടിച്ച് ആണയിടുന്ന ഗവൺമെന്റാണ്. മതേതരത്വം അടിസ്ഥാന ശിലയായ ഒരു ഭരണഘടനയെപ്പിടിച്ച് ആണയിട്ട് അധികാരമേറ്റ ഒരു ഗവൺമെന്റാണ്. ആ ഗവൺമെന്റ് സ്വന്തം സത്യപ്രതിജ്ഞാ വാചകങ്ങൾപ്പോലും മറന്ന് അതിന്റെ കീഴിലുള്ള കോർപ്പറേഷന്റെ പണത്തിന്റെ വിനിയോഗത്തിനുവേണ്ടി ജാതിയേയും മതത്തേയും മുഖ്യവിഷയമാക്കിക്കൊണ്ട് അതിനെ നോഡൽ ഏജൻസിയാക്കി മാറ്റുമ്പോൾ ഗവൺമെന്റ് ഇതുപോലുള്ള ബില്ലുമായി വന്നിട്ട് സാമ്പത്തിക നടത്തിപ്പിന്റെ മഹത്വം ഉദ്ഘോഷിക്കാൻ ധാർമ്മിക അവകാശം എന്താണെന്ന് ചോദിക്കണ്ടേ? ആ ചോദ്യമാണ് ഇവിടെ ഉന്നയിക്കാൻ ശ്രമിക്കുന്നത്. ഈ നാട് കണ്ട ഒരു പഴയ ഗാരന്റിയുടെ കഥയുണ്ട്. 1996 മേയ് മാസം 28-ാം തീയതി ഇന്ത്യയിൽ ഒരിക്കലും മറന്നുകൂടാത്ത ഒരു ഗാരന്റിയെപ്പറ്റി കാണുകയുണ്ടായി. അന്നാണ് വാജ്പേയി ഗവൺമെന്റിന്റെ ഒന്നാം പതനമുണ്ടായത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ ആപൽക്കരമായ പലതിന്റെയും ആരംഭം കുറിച്ചുകൊണ്ട് കോൺഗ്രസ്സിന്റെ സഹായത്തോടുകൂടി ഒന്നാമത്തെ വാജ്പേയി ഗവൺമെന്റ് അധികാരമേറ്റത്. ആ ഗവൺമെന്റ് അന്ന് ഭരിച്ചത് കേവലം 13 ദിവസം മാത്രമാണ്, only thirteen days. "ഏക് ദിൻ കാ സുൽത്താൻ" അല്ല, "തേരഹ് ദിനോം കാ സുൽത്താൻ". പതിമൂന്നാം നാളിൽ ആ ഗവൺമെന്റ് വിശ്വാസപ്രമേയം പാസ്സാക്കാനാകാതെ ഇറങ്ങിപോകേണ്ടിവന്നു. വിശ്വാസപ്രമേയം ചർച്ചയ്ക്കെടുക്കാതെ സഭ ഉച്ചയ്ക്ക് പിരിയുന്നു. സഭ ഉച്ചയ്ക്ക് പിരിഞ്ഞിരിക്കേ കാബിനറ്റ് യോഗം അടിയന്തിരമായി കൂടി. ആ കാബിനറ്റ് യോഗം ഒരു വിദേശ കമ്പനിയായ എൻറോണിനുവേണ്ടി ഒരു കൗണ്ടർ ഗാരന്റി വയ്ക്കുന്നു. ധാബോൾ പദ്ധതിയിൽ ഇന്ത്യയുടേയും മഹാരാഷ്ട്രയുടേയും കേരളത്തിന്റേയുമെല്ലാം ഭാവിയെ ബാധിക്കുന്ന വിധത്തിലുള്ള ഒരു നീക്കം അന്നുണ്ടായി. ധാബോൾ പ്രോജക്ടിൽ നിന്നും എൻറോൺ പ്രതീക്ഷിക്കുന്ന ലാഭം ഉറപ്പാക്കിക്കൊടുക്കാൻ മഹാരാഷ്ട്രാ ഗവൺമെന്റ് പരാജയപ്പെട്ടപ്പോൾ കേന്ദ്ര ഗവൺമെന്റ് കൗണ്ടർ ഗാരന്റി നിൽക്കാമെന്നു പറഞ്ഞുകൊണ്ടാണ് അന്ന് വാജ്പേയി ഗവൺമെന്റ് എൻറോണിനുവേണ്ടി ഗാരന്റി നിന്നത്. ഞാൻ ചോദിക്കട്ടെ, ആ എൻറോൺ ഇപ്പോൾ എവിടെയാണ്? എവിടെയാണ് ധാബോൾ പദ്ധതി? ആ എൻറോൺ ലോകത്തെ മുഴുവൻ അമ്പരിപ്പിച്ചുകൊണ്ട് തകർന്നുപോയി. ഒരു ചീട്ടുകൊട്ടാരം പോലെ എൻറോൺ തകർന്നു. സ്വകാര്യ മേഖല ലോകത്തെല്ലാം വിജയിക്കുമെന്നു പറയുന്ന ആളുകൾ ഇവിടെയില്ലേ? പൊതുമേഖല സമ്പൂർണ്ണമായ പരാജയമാണെന്നു പറയുന്നവർ ഇവിടെയില്ലേ? അവരെല്ലാം കേൾക്കണം. സ്വകാര്യമേഖലയുടെ ഏറ്റവും വലിയ ലോക മാതൃകയായി ചൂണ്ടിക്കാണിക്കപ്പെട്ട എൻറോൺ ഇപ്പോൾ തവിടുപൊടിയായി കിടക്കുകയാണ്. അതിന്റെയെല്ലാം തെളിവായി എൻറോണിനുവേണ്ടി ഗവൺമെന്റ് ഓഫ് ഇന്ത്യ ഇവിടെ ഗാരന്റിയല്ല, കൗണ്ടർ ഗാരന്റിക്കുപോയ കഥ നമുക്കറിയാം. ആ ചുറ്റുപാടിൽ ചില കാര്യങ്ങളിൽ ഈ ഗവൺമെന്റിന് ഗാരന്റി വേണ്ട. ഉദാഹരണത്തിന് കെ.എസ്.ആർ.ടി.സി.-ക്ക് മുന്നോട്ടു പോകണമെങ്കിൽ ഗവൺമെന്റ് സഹായിക്കണം. കാരണം, ആ പൊതുമേഖലാസ്ഥാപനത്തിന്റെ വളർച്ചയ്ക്ക് ഗവൺമെന്റ് താങ്ങുംധനസഹായവുമെല്ലാം കൊടുത്തേ മതിയാകൂ. ഒരു പബ്ലിക് സർവ്വീസായി അതു പോകണമെന്നുണ്ടെങ്കിൽ അതിനെ സഹായിക്കണം. ഇപ്പോൾ എം.എൽ.എ.-മാർക്കും ഫ്രീഡം ഫൈറ്റേഴ്സിനും വികലാംഗർക്കുമെല്ലാം സൗജന്യ യാത്രയാണ്. ഏറ്റെടുക്കുന്ന സോഷ്യൽ സർവ്വീസിനുവേണ്ടി പണം ചെലവഴിക്കണമെങ്കിൽ സർക്കാർ സഹായിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള ഗവൺമെന്റ് ഗാരന്റികളുടെ പരമാവധി പരിധി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഗാരന്റി പിരേ്യഡില്ലാത്ത യു.ഡി.എഫ്. ഗവൺമെന്റ് ഇത്തരമൊരു ബിൽ അവതരിപ്പിച്ചത് വിചിത്രമായിരിക്കുന്നു. 5 വർഷത്തേക്കാണ് തെരഞ്ഞെടുക്കപ്പെട്ട് അധികാരത്തിൽ വന്നതെങ്കിലും യു.ഡി.എഫ്. ഗവൺമെന്റിന് ഒരു ഗാരന്റിയില്ലെന്ന് അവിടെയിരിക്കുന്ന ആളുകൾക്ക് ഇപ്പോൾ വ്യക്തമാണ്. സംസ്ഥാന ഗവൺമെന്റുകളുടെ അധികാരം കവരുന്ന ഒരു ബില്ലാണിത്. ഇന്ത്യൻ ഭരണഘടനയുടെ 293-ാം വകുപ്പിൽ എല്ലാ സ്റ്റേറ്റ് ഗവൺമെന്റുകൾക്കും സംസ്ഥാനങ്ങളുടെ കൺസോളിഡേറ്റഡ് ഫണ്ടിന്റെ സെക്യൂരിറ്റിയിൽ ഗാരന്റി നിൽക്കാൻ വേണ്ടിയുള്ള അവകാശം ഭരണഘടനാദത്തമായി കൊടുക്കുന്നു. ഭരണഘടനാദത്തമായിട്ടുള്ള സ്റ്റേറ്റുകൾക്കുള്ള അവകാശത്തെ പരിമിതപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ബില്ലാണിത്. ഈ ബില്ലിന്റെ ഉത്ഭവമെന്നു പറയുന്നത്, അന്താരാഷ്ട്ര സാമ്പത്തിക ഏജൻസികളുടെ, ഗ്ലോബൽ ഫിനാൻഷ്യൽ നെറ്റ് വർക്കിന്റെ ഭാഗമായിട്ടുള്ള എ.ഡി.ബി.-യുടെ നിർദ്ദേശത്തിന്റെ ഭാഗമായി ഇത്തരമൊരു ബിൽ അവതരിപ്പിക്കാൻവേണ്ടി ഇവർ നിർബന്ധിക്കപ്പെട്ടു എന്നുള്ളതാണ്. ഇത് അത്ര പ്രാധാന്യമുള്ള ബില്ലാണെങ്കിൽ, ട്രഷറി ബെഞ്ചിൽ ഇപ്പോൾ മൂന്നാളുകൾ ഉണ്ട്. മിക്കവാറും സമയത്ത് ധനകാര്യ വകുപ്പുമന്ത്രി മാത്രമേയുള്ളൂ. കുറച്ചു ദിവസമായി മന്ത്രിമാരൊന്നും ഇവിടെയില്ല. പലരും പല കാര്യങ്ങൾക്കായി ഓടിനടക്കുകയാണ്. എന്താണ് കാര്യമെന്നതിനെ സംബന്ധിച്ച് ഞാൻ കുറച്ചു ദിവസമായി ആലോചിക്കുകയാണ്.നമ്മൾ നിയമസഭയിലേക്ക് വരുമ്പോൾ, നിയമസഭാകവാടത്തിനു മുമ്പിൽ റോഡിനപ്പുറത്തായി ഒരു ബൈബിൾ വാചകം എഴുതിവച്ചിട്ടുണ്ട്. നിങ്ങളെ കാണാത്തതിന്റെ ഉത്തരം ഞാൻ അവിടെയാണ് കണ്ടെത്തിയത്. ആ ബൈബിൾ വാചകം പറയുന്നത്, "ഇത് ദുഷ്കാലമായതിനാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ" എന്നാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇത് ദുഷ്കാലമാകയാൽ മന്ത്രിമാരെല്ലാം സമയം തക്കത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നല്ല ജാഗ്രത വേണം. ഇവരെല്ലാം ഭയങ്കര തിരക്കിലാണ്. ബില്ലുകൾ കൊണ്ടുവരിക, മറ്റു പല ഇടപാടുകളിലും പങ്കെടുക്കുക. അതുകൊണ്ട് ഈ തിരക്ക് സംബന്ധിച്ച് ഒരു പഠനം ആവശ്യമാണ്. ഇത് നമ്മുടെ സംസ്ഥാന നിയമസഭയുടേയും സ്റ്റേറ്റ് ഗവൺമെന്റിന്റേയും അവകാശങ്ങളെ നിയന്ത്രിക്കുന്ന ഒരു ബില്ലാണെന്നാണ് പറയുന്നത്. ഇവിടെ സ്റ്റേറ്റ് ഗവൺമെന്റ് ഗാരന്റി നിൽക്കുന്ന സമയത്ത്, ഗാരന്റി നിൽക്കുന്നത് ഏതു ലോണിനുവേണ്ടിയാണോ, ആ ലോണിന്റെ തിരിച്ചടവ് സംബന്ധിച്ച്, അത് എന്തിനുവേണ്ടി പ്രയോജനപ്പെടുത്തി എന്നുള്ളത് ന്യായമായി അറിയാനുള്ള അവകാശം സ്റ്റേറ്റ് ഗവൺമെന്റിനുണ്ട്. നിശ്ചയിക്കപ്പെട്ടിട്ടുള്ള ഗാരന്റി കമ്മിഷൻ സ്റ്റേറ്റ് എക്സ്ചെക്കർക്ക് വരുന്നു എന്നുള്ളത് ഉറപ്പുണ്ടാക്കുന്നതിനുള്ള സംവിധാനം തീർച്ചയായിട്ടും വേണമെന്നുള്ള കാര്യത്തിൽ എനിക്ക് തർക്കമില്ല. ഞാൻ ഈ ബില്ലിന്റെ പ്രശ്നങ്ങളിലേക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയാണ്. ഈ ബില്ലിൽ സെക്ഷൻ 3-ൽ ഗവൺമെന്റ് ഗാരന്റികളുടെ പരമാവധി പരിധി സംബന്ധിച്ച് വ്യക്തമാക്കുന്നു. അതിൽ പറയുന്നത്, ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം ഗവൺമെന്റ് ഗാരന്റി 14,000 കോടി രൂപയിൽ കവിയാൻ പാടുള്ളതല്ലെന്നാണ്. ധനകാര്യ വകുപ്പ് തന്നെ പ്രസിദ്ധീകരിച്ചിട്ടുള്ള 2002-ലെ ഇക്കണോമിക് റിവ്യൂവിൽ, പേജ് 24-ൽ ഗാരന്റി തുകകളെക്കുറിച്ച് പറയുന്നുണ്ട്. അതിൽ പഴയ കണക്ക് പോയിട്ട്, 1980-81-ൽ 700.58 കോടി രൂപ, 1990-91-ൽ 2833.1 കോടി രൂപ, രണ്ടായിരാമാണ്ടിൽ 11,431 കോടി രൂപയായിട്ട് വർദ്ധിച്ചു. 2001-ൽ 12,797.8 കോടി രൂപയായിട്ട് ഗാരന്റി തുക

വർദ്ധിച്ചു. ബില്ലും യാഥാർത്ഥ്യവും തമ്മിലുള്ള പ്രശ്നമാണ്. 2001-02-ൽ ഇപ്പോൾ ഗവൺമെന്റ് ഇതിനകം ഗാരൻറി നിന്നിട്ടുള്ള തുക ഇക്കണോമിക് റിവ്യൂവിൽ ധനകാര്യ വകുപ്പു തന്നെ പറയുന്നത് 14,122.46 കോടി രൂപയാണ്. അതായത് മുൻ വർഷത്തേക്കാൾ 10.46 ശതമാനം ഗാരന്റി തുകയിൽ വർദ്ധനവുണ്ടായി. അങ്ങനെ വരുമ്പോൾ, ഇപ്പോൾത്തന്നെ നിങ്ങൾ 14,000 കോടി രൂപയ്ക്കാണ് ഇവിടെ നിജപ്പെടുത്തി ഈ ബിൽ പാസ്സാക്കിയെടുക്കുന്നത്. 14,000 കോടി രൂപയിൽ ഒരു പൈസ, ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന അവസരത്തിൽ കവിയാൻ പാടില്ലെന്നുള്ള നിയമം കൊണ്ടുവരുമ്പോൾ കഴിഞ്ഞ വർഷം തന്നെ 14,122.46 കോടി രൂപയ്ക്ക് ഗവൺമെന്റ് ഗാരന്റി കൊടുത്തിരുന്നു. അപ്പോൾ ബാക്കി തുകയ്ക്ക് എന്താണ് ചെയ്യുക? 2003 ആകുമ്പോഴേക്കും സ്വാഭാവികമായുള്ള വർദ്ധനവ് 10 ശതമാനം കൂടിവരും. 10 ശതമാനം വർദ്ധനവു വന്നാൽ 1400 കോടി രൂപ വരും. അപ്പോൾ 14,122 കോടിരൂപയ്ക്കു പുറമേ 1400, 1500 കോടി രൂപ കൂടി വന്നാൽ 15,500 കോടി രൂപയുടെ ഗാരന്റി ഇപ്പോൾത്തന്നെ ഗവൺമെന്റ് commit ചെയ്തു. അങ്ങനെ വരുമ്പോൾ 14,000 കോടി രൂപയെന്ന് വ്യവസ്ഥ ചെയ്യുന്നതിൽ എന്താണ് അർത്ഥമുള്ളത്? അടിസ്ഥാനപരമായിട്ടുതന്നെ ന്യായീകരിക്കാൻവേണ്ടി കഴിയുന്ന ഒരു ബില്ലാണ് ഇതെന്ന് പറയാൻ കഴിയില്ല. ഇപ്പോൾത്തന്നെ ഈ നിയമം 14,000 കോടി രൂപ എന്നതിൽ തന്നെ പാസ്സായാലും അത് കൊടുത്തതിന്റെ അധികമാകുമെന്നുള്ളതാണ്. പിന്നെ രണ്ടാമത്തെ പ്രശ്നം, സെക്ഷൻ 4 വിലക്കു സംബന്ധിച്ചാണ്. അതിൽ പറയുന്നത് "തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും സ്വകാര്യ വ്യക്തിയുടേയോ സ്ഥാപനത്തിന്റേയോ അല്ലെങ്കിൽ കമ്പനിയുടേയോ വായ്പ സംബന്ധിച്ച് യാതൊരു ഗവൺമെന്റ് ഗാരന്റിയും നൽകാൻ പാടുള്ളതല്ല" എന്നാണ്. ഇവിടെ ഞാൻ ഉന്നയിക്കുന്ന പ്രശ്നം ഇങ്ങനെ സ്വകാര്യ സ്ഥാപനങ്ങൾക്കോ സംരംഭങ്ങൾക്കോ ഗാരന്റി നിൽക്കണമെന്ന് മുമ്പ് ഏതെങ്കിലും നിയമത്തിൽ പറഞ്ഞിട്ടുണ്ടോ? ഒരു നിയമത്തിലുമില്ല. പക്ഷേ ഗവൺമെന്റ് കൊടുത്തിരിക്കുന്നു. ഇവിടെ ഈ നിയമസഭയ്ക്കുമുമ്പിൽ കഴിഞ്ഞ ജനുവരി 29-ാം തീയതി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചെയർമാനായിട്ടുള്ള പി.എ.സി. സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ 13-ാം പേജിൽ 24-ാം ഖണ്ഡിക വളരെ വ്യക്തമായി ഒരു കാര്യം ചൂണ്ടിക്കാണിക്കുന്നുണ്ട്. "The Committee find numerous instances where guarantees were given by Government for loans even to private sector institutions without any form of scrutiny by the Finance Department regarding the financial discipline or capability to share risk of those institutions. ഇതെന്തു ന്യായമാണ്? പൊതുമേഖലാ സ്ഥാപനങ്ങൾക്കോ സഹകരണ സ്ഥാപനങ്ങൾക്കോ പബ്ലിക് അണ്ടർടേക്കിംഗ്സിനോ ഗാരന്റി കൊടുക്കുന്നതിൽ ഒരു തടസ്സവും ആരും പറയുന്നില്ല. പക്ഷേ ഗവൺമെന്റിന് യാതൊരു ബന്ധവുമില്ലാത്ത, അതിന്റെ ആസ്തി ബാധ്യതകളെ സംബന്ധിച്ചോ ഏർപ്പാടുകളെ സംബന്ധിച്ചോ വ്യക്തതയില്ലാത്ത സംരംഭങ്ങൾക്കും സ്ഥാപനങ്ങൾക്കും എന്ത് അടിസ്ഥാനത്തിൽ ഗവൺമെന്റ് ഗാരന്റി നിന്നു എന്നുള്ളതാണ്. അതാണ് പി.എ.സി.-യുടെ ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ട് ആ സെക്ഷന് അനുകൂലമായിട്ടുള്ള നിലപാടുതന്നെ സ്വീകരിക്കുകയാണ്. പക്ഷേ ഇതെങ്ങനെ വന്നു എന്നുള്ളതു സംബന്ധിച്ച് വ്യക്തതയുണ്ടാകേണ്ടതാണ്. ഹൗസിംഗ് ബോർഡിന്റെ കാര്യം നേരത്തേ ഇവിടെ പറഞ്ഞു. ഞാനത് ആവർത്തിക്കുന്നില്ല. എന്നാൽ കേരളാ സ്റ്റേറ്റ് മാർക്കറ്റിംഗ് ഫെഡറേഷൻ ഈ റിപ്പോർട്ടിൽതന്നെ കൊപ്ര സംഭരിക്കാൻ വേണ്ടിയാണ് ഈ ലോൺ എന്നുപറഞ്ഞു. കൊപ്ര സംഭരിക്കാൻ വേണ്ടി മാർക്കറ്റിംഗ് ഫെഡറേഷൻ ലോൺ ചോദിച്ചപ്പോൾ ഈ ഗവൺമെന്റ് ഗാരന്റി നിന്നു. പക്ഷേ അവർ സംഭരിച്ചത് കൊപ്രയല്ല,

LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടി സംഭരിച്ചു എന്നാണ് പി.എ.സി.-യുടെ റിപ്പോർട്ടിൽ പറയുന്നത്. അതുപോലെ തന്നെ കേരള സ്റ്റേറ്റ് കാർഷിക വികസന ബാങ്ക് ഈ സംസ്ഥാനത്തെ ഏറ്റവും വലിയ സെൻട്രൽ ബാങ്കുകളിലൊന്നാണ്. ആ ബാങ്ക് കേരള ഗവൺമെന്റ് ഗാരന്റി നിന്നുകൊണ്ട് കോടിക്കണക്കിന് രൂപ നബാർഡിൽ നിന്നും ലോണായി എടുത്തു. നബാർഡിൽ നിന്നും എടുക്കുന്ന ലോൺ, ഗവൺമെന്റ് ഗാരന്റിയുടെ അടിസ്ഥാനത്തിൽ ലഭ്യമായിട്ടുള്ള ലോൺ, അത് വിതരണം ചെയ്യുന്നില്ലെങ്കിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിക്കുന്നതിനു പകരം സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിക്കുന്നത് എന്ത് ന്യായത്തിന്റെ അടിസ്ഥാനത്തിലാണ്? ഗവൺമെന്റ് ഗാരന്റി നിന്ന് വാങ്ങുന്ന നബാർഡിന്റെ പണം ബാങ്ക് ഓഫ് മഹാരാഷ്ട്ര, തമിഴ്നാട് മെർക്കന്റൈൽ ബാങ്ക് എന്നിവയിലെല്ലാം കോടിക്കണക്കിന് നിക്ഷേപിച്ചില്ലേ? ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ ഇതുസംബന്ധിച്ച് വല്ല ജാഗ്രതയുമുണ്ടോ? അവരുടെ അറിവ് ഇതിനകത്തുണ്ടോ? മന്ത്രി ബന്ധപ്പെട്ടു എന്നൊന്നും ഞാൻ പറയുന്നില്ല. യഥാർത്ഥത്തിൽ കോടിക്കണക്കിന് രൂപ ഗവൺമെന്റ് ഗാരന്റി നിന്ന് വാങ്ങിയെടുത്ത പണം സ്വകാര്യ ബാങ്കുകളിലേക്ക് നിക്ഷേപമായി പോകുമ്പോൾ ഒരു മാസം പലിശ എത്രയാണ് വരുന്നത്? ആ ബാങ്കുകൾക്കുണ്ടാകുന്ന മെച്ചം എത്രയാണ്? അത് ഗവൺമെന്റ് പരിശോധിക്കുന്നതിനുവേണ്ടി സന്നദ്ധമാകണം. സെക്ഷൻ 5-ൽ പറയുന്നത് എന്താണ്? സർക്കാർ ഏറ്റവും കുറവ് 0.75% ഗാരന്റി കമ്മീഷനായിട്ട് ചുമത്തേണ്ടതും അത് ഏതുവിധത്തിലാണെങ്കിലും വാങ്ങിയെടുക്കേണ്ടതാണെന്നും പറയുന്നുണ്ട്. അത് നിർബന്ധമായിട്ടുള്ള ഒരു സംവിധാനമായി കൊണ്ടുവരണം. ഇവിടെ ഞങ്ങൾക്കെല്ലാമുള്ള ആക്ഷേപം ഗാരന്റി പരിധി പരിമിതപ്പെടുത്തുന്നത് മൂലധന നിക്ഷേപത്തെ വലിയതോതിൽ തടസ്സപ്പെടുത്തുമെന്നാണ്. യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ ഒരു ധവളപത്രം ഇറക്കി. അതു സംബന്ധിച്ചുള്ള സാമ്പത്തിക ചിത്രം ഇവിടെ വല്ലാത്ത തോതിൽ മറച്ചുകാണിക്കാൻ ശ്രമിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തത് കഴിഞ്ഞ മൂന്ന് ബഡ്ജറ്റിലും വാർഷിക പദ്ധതിയിലെ മൂലധനച്ചെലവ് വെട്ടിക്കുറച്ചു. 2001-2002-ൽ 804.44 കോടി രൂപ, 2002-2003-ൽ 667.91 കോടി രൂപ. ഇപ്പോൾ വന്നിട്ടുള്ള ബഡ്ജറ്റിൽ മൂലധനച്ചെലവ് 1592 കോടി രൂപയായി കുറച്ചു. ഈ ബിൽ കൂടി വന്നുകഴിഞ്ഞാൽ നിക്ഷേപത്തിനുള്ള സാധ്യത കുറയുമെന്നുള്ളതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭാവിയെ ഇത് പ്രതികൂലമായി ബാധിക്കുമെന്നുള്ള കാര്യവും ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെയിപ്പോൾ രാവിലെ മുതൽ പറഞ്ഞത് പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒന്നരലക്ഷം ആളുകൾക്ക് ഗാരന്റി കൊടുക്കാൻവേണ്ടി പരിമിതപ്പെടുത്തിക്കഴിഞ്ഞാൽ അതിന്റെ വികസന സാധ്യതകളും മൂലധന നിക്ഷേപ സാധ്യതകളും ചുരുങ്ങുമെന്നാണ്. അങ്ങനെ വന്നുകഴിഞ്ഞാൽ ഇപ്പോൾത്തന്നെ തൊഴിലില്ലായ്മ കൊണ്ട് നട്ടംതിരിയുന്ന കേരളത്തിലെ യുവജനസമൂഹത്തിന് അതൊരു വലിയ മാരകമായിട്ടുള്ള പ്രഹരമായി മാറും. ഈ ഗവൺമെന്റു തന്നെ പറഞ്ഞ കണക്ക് പറയുകയാണ്, 2003-2004-ൽ ഇവിടെ തന്നിട്ടുള്ള ബഡ്ജറ്റിലെ detailed estimate-ൽ Appendix I-ൽ ഗവൺമെന്റ് സ്റ്റാഫിനെക്കുറിച്ചുള്ള വിശദാംശങ്ങൾ കൊടുക്കുന്നു. രണ്ടായിരാമാണ്ടിൽ 5,25,000-ത്തോളം ഗവൺമെന്റ് ജീവനക്കാരുണ്ടായിരുന്നത് 2002 ആയപ്പോഴേക്കും 4,55,550 ആയിട്ട് കുറഞ്ഞു. അങ്ങനെ വരുമ്പോൾ 69,450 തസ്തികകൾ ഇവിടെ കുറഞ്ഞിട്ടുണ്ട്. ആ തസ്തികകൾ കുറഞ്ഞതിന്റെ ഭാഗമായി ശമ്പളത്തിൽ ഗവൺമെന്റിന് ഉണ്ടായിട്ടുള്ള ലാഭം 201 കോടി രൂപയാണ്. കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരെ അഭിസംബോധന ചെയ്തുകൊണ്ട് യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ 5 വർഷംകൊണ്ട് 15 ലക്ഷം ആളുകൾക്ക് പണികൊടുക്കുമെന്ന് പറഞ്ഞിട്ട് അധികാരത്തിൽ വന്ന് രണ്ടേകാൽ കൊല്ലമായപ്പോൾ നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതനുസരിച്ച് ഇവിടെ ആറേമുക്കാൽ ലക്ഷം ആളുകൾക്ക് പണി കൊടുക്കണം. ആറേമുക്കാൽ ലക്ഷം ആളുകൾക്ക് പണി കൊടുക്കേണ്ട ഈ ഗവൺമെന്റ് 69,000-ത്തോളം തസ്തികകൾ ഇല്ലാതാക്കുന്ന ഒരവസ്ഥയുണ്ടാക്കി. ഇത് കേരളീയ യുവജന സമൂഹത്തോടുള്ള ഒരു വെല്ലുവിളിയാണെന്നുള്ളതുകൊണ്ട്, ഈ ഗവൺമെന്റ് ഗാരന്റി പരിമിതപ്പെടുത്തുന്നത് നിലവിലുള്ള മൂലധന നിക്ഷേപത്തെ ചുരുക്കുമെന്നുള്ളതുകൊണ്ട് ഈ ബില്ലിനെ അനുകൂലിക്കാൻ നിർവ്വാഹമില്ല.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഇറിഗേഷൻ ബിൽ 11 മണിക്ക് തരാമെന്നാണ് പറഞ്ഞത്, ഇപ്പോൾ സമയം 12.30 ആയി, ഇതുവരെ കിട്ടിയിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള ഗവൺമെന്റ് ഗാരന്റികളുടെ പരമാവധി പരിധി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാന ബഡ്ജറ്റിന്മേലുള്ള സാമ്പത്തിക കമ്മി സാധ്യത ഒഴിവാക്കാനും സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയും സാമ്പത്തിക അച്ചടക്കവും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള ഗാരന്റി നിജപ്പെടുത്തലാണ് ഈ നിയമം. ഇത് ഭരണഘടനപോലും വിഭാവന ചെയ്യുന്ന ഒരു നിയമമാണ്. ഭരണഘടനയുടെ 293-ാം വകുപ്പുപ്രകാരം ഒരു സംസ്ഥാന നിയമനിർമ്മാണ സഭയ്ക്ക് കടത്തിന് ഗാരന്റി നൽകുന്നതിന്റെ പരമാവധി തുക നിശ്ചയിക്കുന്നതിന് അധികാരമുണ്ട്. അതുപോലെതന്നെ പാർലമെന്റിനും അധികാരമുണ്ട്. ഈ സംസ്ഥാനത്ത് ഇതിനുമുമ്പ് ഇത്തരം നിയമമുണ്ടായിട്ടില്ലെങ്കിൽപ്പോലും ഇന്ത്യാ മഹാരാജ്യത്ത് ഏതാണ്ട് 12 സംസ്ഥാനങ്ങളിൽ ഇത്തരം നിയമം പാസ്സാക്കിയിട്ടുണ്ട്. രാജസ്ഥാൻ, മഹാരാഷ്ട്ര, ഗോവ, സിക്കിം, ബംഗാൾ ഉൾപ്പെടെ ഇത്തരം നിയമം പാസ്സാക്കിയിരിക്കുകയാണ്. 2001-ൽ ബംഗാൾ നിയമസഭ ഇത്തരമൊരു നിയമം പാസ്സാക്കുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഗാരന്റിക്ക് ലിമിറ്റു നിശ്ചയിക്കുന്നതിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. എ.ഡി.ബി.-ക്കു വേണ്ടിയാണോ ഈ നിയമം ഉണ്ടാക്കിയതെന്നാണ് അവർ ചോദിച്ചത്. എനിക്കു ചോദിക്കാനുള്ളത് 2001-ൽ ബംഗാളിൽ ഈ നിയമം കൊണ്ടുവന്നത് എ.ഡി.ബി.-ക്കു വേണ്ടിയായിരുന്നോ? ഈ ബിൽ ഏകകണ്ഠമായി പാസ്സാക്കേണ്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഗാരന്റിക്ക് ലിമിറ്റു നിശ്ചയിക്കുന്നതിനെ സംബന്ധിച്ച് വിമർശനം ഉന്നയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ അദ്ധ്യക്ഷതയിലുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ തന്നെ നിർദ്ദേശം ഇതുപോലൊരു നിയമം പാസ്സാക്കണമെന്നാണ്. ഞാൻ അദ്ദേഹത്തിന്റെ റെക്കമെന്റേഷന്റെ പ്രധാന ഭാഗം വായിക്കാം. Article 293 of the Constitution of India extends the State Government the power to give guarantee on the security of consolidated fund of the State within the limit as may be prescribed by the State Legislature. No such enactments has been passed by the Kerala Legislature till date. As a result, the provision to award guarantees found to be extensively and indiscriminately resorted to by Government thereby diminishing the chances of achieving the goals envisaged by the grant of guarantee. The Committee understand that steps are being taken to initiate legislation in this regard in Kerala. The Committee hope that this would enable the Goverment in exerting better control and legal responsibility in the award of guarantee.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട രാജൻ ബാബു, റിപ്പോർട്ടു മുഴുവൻ വായിച്ചു നോക്കിയാൽ അതിൽ ഒരു സീലിങ് വയ്ക്കണമെന്നു കമ്മിറ്റി റെക്കമെന്റു ചെയ്തിട്ടുണ്ട്.

ശ്രീ. എ. എൻ. രാജൻ ബാബു: ഇത് അതു തന്നെയാണ് ലിമിറ്റില്ലാത്തതുകൊണ്ട് അങ്ങനെ ലിമിറ്റ് വയ്ക്കുന്നതിൽ The Committee hope that this would enable the government in exerting better control and legal responsibility in the award of guarantee. ഇത്തരമൊരു പരിധി ബംഗാളിലെ നിയമത്തിലും ഉണ്ട്. അവിടെ ആ പരിധി receipts-ന്റെ 90 ശതമാനമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇവിടെ എനിക്ക് ഒരു സജഷനുള്ളതു ഇപ്പോൾ തന്നെ ഏതാണ്ട് പതിനൊന്നായിരം കോടി രൂപയോളം ഗാരന്റി നിൽക്കുന്നതുകൊണ്ട് ഇത്തരം ലിമിറ്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനുവേണ്ടി എടുക്കുന്ന വായ്പയ്ക്ക് ബാധകമല്ല എന്നുകൂടി ഒരു വകുപ്പ് കൊണ്ടുവരാമെങ്കിൽ പ്രതിപക്ഷാംഗങ്ങൾ ഇവിടെ പ്രകടിപ്പിച്ച ആശങ്ക ഒഴിവാക്കാവുന്നതാണ്. അത്തരം ഒരു പ്രൊവിഷൻ ബംഗാൾ നിയമത്തിന്റെ ഒരു പ്രൊവൈസോയിലും ഉണ്ട്. അവിടെ സെക്ഷൻ (3) പ്രകാരം അതിന്റെ ഗാരന്റി മാക്സിമം തുക 90 percent of the State Revenue Receipt എന്നു ലിമിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ അതിനൊരു പ്രൊവൈസോ കൊടുത്തിരിക്കുന്നത് "Provided that ceiling on the Government guarantee shall not apply for any loan raised by the West Bengal Infrastructure Development Finance Corporation Limited under the guarantee given the Government. അതുകൊണ്ട് എനിക്ക് ഒരു സജഷനുള്ളത് ഇപ്പോൾ തന്നെ ഏതാണ്ട് 12,000 കോടി രൂപയോളം ഗാരന്റി നിൽക്കുന്നതുകൊണ്ട് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനുവേണ്ടി എടുക്കുന്ന വായ്പയ്ക്ക് ഈ ലിമിറ്റ് ബാധകമല്ലാത്ത രീതിയിൽ ആകുമെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റെ വികസനം കുറേക്കൂടി മെച്ചപ്പെടുമെന്നുള്ളതാണ്. കൂടാതെ ഈ വകുപ്പു പ്രകാരം ഗാരന്റി കമ്മീഷൻ ഉണ്ട്. ഏതാണ്ട് 0.75 പെർസന്റ് ഗാരന്റി കമ്മീഷനുണ്ട്. എന്നാൽ കഴിഞ്ഞ കാലപ്രവർത്തനങ്ങളിലും ബഹുമാനപ്പെട്ട കോടിയേരിയുടെ റിപ്പോർട്ട് അനുസരിച്ചും ഈ 0.75 കമ്മീഷൻ പോലും ഈടാക്കാതിരിക്കുന്നു എന്നു കാണാൻ കഴിയും. അതിനാവശ്യമായ റിക്കോർഡുകൾ ഫൈനാൻസ് ഡിപ്പാർട്ടുമെന്റിലും അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിലും കീപ്പു ചെയ്യുന്നില്ല. അതുകൊണ്ട് ഇത്തരം ഗാരന്റി കമ്മീഷൻ ഈടാക്കാൻ സാധിക്കുന്നില്ല എന്നുള്ളതാണ്. ലക്ഷക്കണക്കിനു രൂപ ഈ ഗാരന്റി കമ്മീഷൻ മുഖേന ഈടാക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം തന്നെ, principal amount നോടൊപ്പം loan amount-ന് കൂടി ഈ ഗാരന്റി ആപ്ലിക്കബിൾ ആക്കുകയും അങ്ങനെ വരുന്ന തുകയ്ക്ക് ഒന്നുകിൽ അതു ഗവൺമെന്റ് കമ്പനികളാണെങ്കിൽ ഗവൺമെന്റിന്റെ ഷെയർ ക്യാപ്പിറ്റൽ ആക്കി മാറ്റാനായിട്ടും അതല്ലെങ്കിൽ ലോണായിട്ട് എടുത്തുകൊണ്ടും നടപടികൾ എടുക്കുന്നതിനുള്ള പരിപാടികൾ സ്വീകരിക്കേണ്ടതാണ്. ഇവിടെ വേറെ ചില നിർദ്ദേശങ്ങൾ വരികയുണ്ടായി. പാശ്ചാത്യ രാജ്യങ്ങളിൽ ഇത്തരം ബിൽ ഉണ്ട്. വായ്പകൾക്ക് സ്വാതന്ത്ര്യം ഇല്ല എന്നുള്ളതാണ്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ റിപ്പോർട്ട് അനുസരിച്ച് 1992-ൽ തന്നെ ഏതാണ്ട് 40,000 കോടി രൂപയ്ക്കു ഈടു കൊടുത്തു എന്നാണ് പറഞ്ഞിരിക്കുന്നത്. 1998-ൽ 79,000 കോടി രൂപയ്ക്ക് ഈടു കൊടുത്തു എന്നു പറഞ്ഞിരിക്കുന്നു. ഏതായാലും അതു റിപ്പോർട്ടിലെ അച്ചടിപ്പിശകാണോ എന്നറിയില്ല. പക്ഷേ ആ റിപ്പോർട്ടിൽത്തന്നെ ഇത്രയും വലിയ തുകയ്ക്ക് ഗാരന്റി എടുത്തിരിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷേ ഇത്രയും വലിയ തുക വരാതിരിക്കാൻവേണ്ടിയാണ്

ഇങ്ങനെയൊരു പരിധി ഈ നിയമത്തിൽ കൊണ്ടുവരുന്നതു തന്നെ. അതോടൊപ്പം തന്നെ ഗ്യാരന്റി എക്സറ്റന്റ് ചെയ്യുന്നതിനുമുമ്പ് ഈ ഗ്യാരന്റി കമ്മീഷൻ തുക അടച്ചിരുന്നോ എന്ന് പരിശോധിക്കേണ്ടതാണ്. ഗ്യാരന്റി തുക ഉയർത്തുന്നതിനും ഗ്യാരന്റി എക്സറ്റന്റു ചെയ്യുന്നതിനുവേണ്ടിയുള്ള ഗ്യാരന്റി കമ്മീഷൻ തുക ഈടാക്കുന്നതിനുള്ള നടപടിയും ഗവൺമെന്റ് എടുക്കേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരമൊരു നിയമം കേരളത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ട് ആവശ്യമാണെന്നുള്ളതുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഈ ഭരണഘടനയുടെ ആർട്ടിക്കിൾ 293 (1) പ്രകാരം ഗ്യാരന്റി നിശ്ചയിക്കേണ്ട ചുമതല സംസ്ഥാന സർക്കാരിനാണ്. പശ്ചിമ ബംഗാൾ, സിക്കിം, ഗോവ, ഗുജറാത്ത്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ഇതിനകം തന്നെ ഇത്തരത്തിലുള്ള നിയമനിർമ്മാണങ്ങൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ആസ്സാം, ഒറീസ്സ, രാജസ്ഥാൻ എന്നീ സർക്കാരുകൾ സർക്കാർ ഗ്യാരന്റിക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട്. ഇതു ഈ ഗവൺമെന്റ് തീരുമാനിച്ചതല്ല. ഇതിനുമുമ്പു തന്നെ ഈ തീരുമാനം എൽ.ഡി.എഫ്. ഗവൺമെന്റ് എടുത്തിട്ടുണ്ട്. മുൻ എൽ.ഡി.എഫ്. സർക്കാർ ഗ്യാരന്റികൾ നൽകുന്നതു സംബന്ധിച്ച് പരിധി ഏർപ്പെടുത്തണമെന്ന് 10-11-1999-ൽ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇവിടെ ഫയലിൽ ഉണ്ട്. In principle I agree that there should be an upper limit. Now it is limitless for the amount for which the Government should guarantee എന്ന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ 10-11-1999-ൽ എഴുതിയതാണ്. ഇതിനൊരു ലിമിറ്റ് വേണമെന്ന് അതിൽ പറഞ്ഞിട്ടുണ്ട്. ഇവിടെ പ്രതിപക്ഷത്തു നിന്നും അത്ര വലിയ എതിർപ്പൊന്നും അല്ല വന്നിരിക്കുന്നത്. പക്ഷേ ഇത്ര ചുരുങ്ങിയ സംഖ്യയ്ക്ക് 14,000 കോടി രൂപയ്ക്കു ഗ്യാരന്റി വയ്ക്കണമോ അതിൽ കൂടുതൽ ആക്കണമോ എന്നുള്ളതാണ് ചോദ്യം. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പി.എ.സി. ചെയർമാൻ എന്നുള്ള നിലയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എന്താണ്? അവർ ആരും ഈ ബിൽ വേണമെന്നു പറഞ്ഞിട്ടില്ല. നമ്മുടെ മുമ്പിൽ ഇരിക്കുന്നത് വെസ്റ്റ് ബംഗാൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള അവിടത്തെ നിയമത്തിന്റെ പകർപ്പാണ്. അതിലും പറഞ്ഞിട്ടുണ്ട് ഈ ബിൽ ആവശ്യമാണെന്ന് ഇതു എല്ലാവരും കണ്ടിട്ടുണ്ടാകും. കാണാത്തവരാരും ഉണ്ടാകില്ല. ശ്രീ. ടി. കെ. ബാലനൊക്കെ വായിച്ചിട്ടുണ്ടാകുമെന്ന് എനിക്കറിയാം. ഡോ. തോമസ് ഐസക് വായിച്ചിട്ടുണ്ടാകും. ഹൃദിസ്ഥമാക്കിയിട്ടുണ്ടാകുമെന്ന് എനിക്കറിയാം. അതുകൊണ്ട് ഇങ്ങനെ ഒരു തീരുമാനം എടുത്തില്ലെങ്കിൽ വലിയ ബുദ്ധിമുട്ടാണ്. കഴിഞ്ഞ പ്രാവശ്യം തന്നെ ഗവൺമെന്റ് ഗാരന്റി കൊടുത്തിട്ടുപോലും ഗവൺമെന്റിന് അടയ്ക്കേണ്ടിവന്നു. 1995-ൽ ഫിഷ് മാർക്കറ്റിംഗ് സൊസൈറ്റിക്ക് 12 ലക്ഷം രൂപ ഗവൺമെന്റിന് അടയ്ക്കേണ്ടിവന്നു. കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷന് 8 കോടി 80 ലക്ഷം രൂപ, കെ.എൽ.ഡി.സി.ക്ക് 46 കോടി രൂപ, കോഴിക്കോട് റീജിയണൽ സൊസൈറ്റിക്ക്, കേരള ഫിഷറീസ് കോർപ്പറേഷന്, കാപ്പക്സിന് അങ്ങനെ പല സ്ഥാപനങ്ങൾക്കും ഗവൺമെന്റ് ഗ്യാരന്റി നിന്നിട്ട് അവർ അടയ്ക്കാത്തതു കൊണ്ട് ഗവൺമെന്റിനു പണം അടയ്ക്കേണ്ടിവന്നിട്ടുണ്ട്. റബ്കോ നന്നായി നടക്കുന്ന ഒരു കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂഷനാണ്. അത് നമ്മൾ എല്ലാവരും അംഗീകരിക്കുന്നു. നമുക്കു സന്തോഷമുണ്ട്. അതിനു വേണ്ടത്ര പണം നൽകണം. ഇവിടെ പറയുന്നത് കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂഷനൊന്നും കൊടുക്കുന്നില്ല. എന്നാണ്. Government guarantee includes the guarantee given by the State Government on behalf of the Government Departments,

LIBRARY ARCHIVES Kerala Legislative Assembly

Public Sector undertakings, Local authorities, Statutary Boards, Corporations and Co-operative Institutions. ഇതൊക്കെ ഇൻക്ലൂഡ് ചെയ്യുന്നുണ്ട്. നമ്മൾ ഒന്നും exempt ചെയ്യുന്നില്ല. Exempt ചെയ്തിട്ടു മുന്നോട്ടു പോകണമെന്നുമില്ല. ഇതുകൊണ്ട് ഗവൺമെന്റിന് ഭാവിയിൽ ഒരു ഗുണം ഉണ്ടാകും. ഗവൺമെന്റ് കടബാദ്ധ്യത നിശ്ചയിക്കുന്നതു നല്ലതാണ്. അല്ലെങ്കിൽ വളരെയധികം കടത്തിനു വിധേയമായിപ്പോകും എന്നുള്ളതുകൊണ്ടാണ്. ഇതു flexible ആണ്. ഇതു വേണമെങ്കിൽ നമുക്കു കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാവുന്നതാണ്. അതു കാബിനറ്റിനു തീരുമാനിക്കാവുന്നതാണ്. അതുകൊണ്ട് ഈ ബിൽ അവശ്യം ആവശ്യമാണ്. അതുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. മത്തായി ചാക്കോ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

Sri Mathai Chacko: No.

Mr. Speaker: The amendment moved by Sri Matahi Chacko is, by leave, withdrawn.

ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

Sri A. N. Rajan Babu: No.

Mr. Speaker: The amendment moved by Sri A. N. Rajan Babu is, by leave, withdrawn.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്ക് എടുത്തു.

രണ്ടാം വകുപ്പ്

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(132) ഖണ്ഡം 2 (ബി)-ൽ നിന്ന് സർക്കാർ വകുപ്പുകൾ എന്നത് നീക്കം ചെയ്യുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(134) ഖണ്ഡം 2 (ബി)-ൽ "തദ്ദേശ അധികാര സ്ഥാനങ്ങൾ" എന്നതിനുപകരം "വികസന അതോറിറ്റികൾ ഉൾപ്പെടെയുള്ള തദ്ദേശ അധികാരങ്ങൾ" എന്നു ചേർക്കുക.

എനിക്ക് ഈ ഭേദഗതിയിൽ പറയുവാനുള്ളത് തദ്ദേശ അധികാര സ്ഥാനങ്ങൾ എന്നതിനുപകരം വികസന അതോറിറ്റികൾ ഉൾപ്പെടെ എന്നുകൂടി ചേർക്കണമെന്നുള്ളതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(135) ഖണ്ഡം 2(ബി)-ൽ "തദ്ദേശ അധികാര" എന്ന വാക്കുകൾക്കുശേഷം "സ്ഥാനങ്ങൾ" എന്ന വാക്കിനുപകരം "സ്ഥാപനങ്ങൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(137) ഖണ്ഡം 2(ബി)-ൽ "സഹകരണ സ്ഥാപനങ്ങൾ" എന്നതിനുപകരം

LIBRARY ARCHIVES Kerala Legislative Assembly

"ഗവൺമെന്റിന്റെ ഓഹരി മൂലധന പങ്കാളിത്തമുള്ള സഹകരണ സ്ഥാപനങ്ങൾ" എന്നു ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(138) ഖണ്ഡം 2(ബി)-ൽ "സഹകരണ സ്ഥാപനങ്ങൾ" എന്നതിനുശേഷം "സർക്കാരിന് 50 ശതമാനത്തിലധികം ഷെയറുള്ള അർദ്ധ സർക്കാർ സ്ഥാപനങ്ങൾ" എന്നുകൂടി ചേർക്കുക.

എനിക്ക് ഈ ഭേദഗതിയിൽ പറയുവാനുള്ളത് ഗവൺമെന്റ് ഗ്യാരന്റി പറയുന്ന ഘട്ടത്തിൽ 50 ശതമാനത്തിലധികം ഷെയറുള്ള അർദ്ധ സർക്കാർ സ്ഥാപനങ്ങൾ കൂടി ഇതിന്റെ ഭാഗമായി വരും.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(139) ഖണ്ഡം 2(ബി)-ൽ "സഹകരണ സ്ഥാപനങ്ങൾ" എന്നതിനുശേഷം "അർദ്ധ സർക്കാർ സ്ഥാപനങ്ങൾ" എന്നുകൂടി ചേർക്കുക.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(140) ഖണ്ഡം 2(ബി)-ൽ "സഹകരണ സ്ഥാപനങ്ങൾ" എന്നതിനുശേഷം "സ്പോർട്ട്സ് കൗൺസിൽ" എന്നുകൂടി ചേർക്കുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(143) ഖണ്ഡം 2(സി)-ൽ "നിർണ്ണയിക്കപ്പെട്ട" എന്നതിനുപകരം "വ്യവസ്ഥ ചെയ്യപ്പെട്ടതും നിർണ്ണയിക്കപ്പെട്ടിട്ടുള്ളതുമായ" എന്ന് ഭേദഗതി ചെയ്യണം.

ശ്രീ. വി. കെ. ചന്ദൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(144) ഖണ്ഡം 2(സി)-ൽ "ഉണ്ടാക്കിയ" എന്ന വാക്കിനുപകരം "ഉണ്ടാകുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(146) ഖണ്ഡം 3-ൽ "ഏതൊരു വർഷവും" എന്ന വാക്കുകൾക്കുപകരം "ഏതൊരു സാമ്പത്തികവർഷവും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(147) ഖണ്ഡം 3-ൽ "ഏതൊരു വർഷവും" എന്നതിനുപകരം "ഓരോ വർഷവും" എന്നാക്കുക.

(151) ഖണ്ഡം 3-ൽ "ഏപ്രിൽ ഒന്നാം തീയതി" എന്നതിനുപകരം " മാർച്ച് 31-ാം തീയതി" എന്നാക്കുക.

(166) ഖണ്ഡം 3-ൽ "പതിനാലായിരം കോടി" എന്നതിനുപകരം " ഇരുപതിനായിരം കോടി" എന്ന് ചേർക്കുക.

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(148) "ഏതൊരു വർഷവും" എന്നതിനുപകരം "ഏപ്രിൽ ഒന്നാം തീയതി മുതൽ രണ്ട് വർഷത്തേയ്ക്ക് " എന്ന് ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(149) ഖണ്ഡം 3-ൽ "ഏതൊരു വർഷവും" എന്നതിനുപകരം "2004 ഏപ്രിൽ 1-ാംതീയതി മുതൽ 2 വർഷത്തേയ്ക്ക് " എന്ന് ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(150) ഖണ്ഡം 3-ൽ "ഏതൊരു വർഷവും" എന്നതിനുപകരം " 2004 ഏപ്രിൽ 1-ാം തീയതി മുതൽ 2006 ഏപ്രിൽ 1 വരെ എല്ലാ വർഷവും " എന്ന് ചേർക്കുക.

ശ്രീ. പി. നാരായണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(152) ഖണ്ഡം 3-ൽ "മൊത്തം ഗവൺമെന്റ്" എന്ന വാക്കുകൾക്കുശേഷം താഴെപ്പറയും പ്രകാരം മാറ്റം വരുത്തേണ്ടതാണ്:

LIBRARY ARCHIVES Kerala Legislative Assembly

"ഗ്യാരന്റിയുടെ പരമാവധി തുക കാലാകാലങ്ങളിൽ സർക്കാരിന് നിശ്ചയിക്കാവുന്നതാണ്."

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(153) ഖണ്ഡം 3-ൽ "പതിനാലായിരം കോടി" എന്നത് "പതിനാലായിരത്തി എഴുന്നൂറ്റി അൻപത് കോടി" എന്ന് ഭേദഗതി ചെയ്യുക.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(160) ഖണ്ഡം 3-ൽ "പതിനാലായിരം" എന്നതിനുപകരം "പതിനാറായിരം" എന്ന് ഭേദഗതി ചെയ്യുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(162) ഖണ്ഡം 3-ൽ "പതിനാലായിരം കോടി രൂപ" എന്നതിനുപകരം "പതിനെട്ടായിരം കോടി രൂപ" എന്ന് ചേർക്കുക.

(173) ഖണ്ഡം 3-നുശേഷം പുതുതായി താഴെപ്പറയുന്ന ഉപഖണ്ഡം "2" കൂടി ചേർക്കുകയും നിലവിലുള്ളത് (1) എന്ന് നമ്പർ ചെയ്യുകയും ചെയ്യുക.

"(2) പ്രത്യേകമായ സന്ദർഭങ്ങളിൽ സംസ്ഥാനത്തിന്റെ ഉത്തമതാൽപ്പര്യം കണക്കിലെടുത്ത് പരമാവധി പരിധി വർദ്ധിപ്പിക്കാൻ നിയമസഭയുടെ ഏകകണ്ഠമായ തീരുമാന പ്രകാരം നിശ്ചയിക്കപ്പെടാവുന്നതാണ്."

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(164) ഖണ്ഡം 3-ൽ "പതിനാലായിരം കോടി" എന്നതിനുപകരം "പത്തൊമ്പതിനായിരം കോടി" എന്ന് ചേർക്കുക.

(172) ഖണ്ഡം 3-ൽ

"കവിയാൻ പാടുള്ളതല്ല" എന്നതിനുശേഷം "സഹകരണ സ്ഥാപനങ്ങൾ, തദ്ദേശ അധികാര സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി സർക്കാർ നൽകുന്ന ഗാരന്റി അവരാരംഭിക്കുന്ന സംരംഭത്തിന്റെ മതിപ്പ് ചെലവിന്റെ 75 ശതമാനത്തിൽ കവിയാൻ പാടുള്ളതല്ല" എന്നുകൂടി ചേർക്കേണ്ടതാണ്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(168) ഖണ്ഡം 3-ൽ "പതിനാലായിരം കോടി" എന്നത് "ഇരുപതിനായിരത്തി ഒരുനൂറ് കോടി" എന്ന് ഭേദഗതി ചെയ്യുക.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(169) ഖണ്ഡം 3-ൽ "പതിനാലായിരം കോടി" രൂപയിൽ എന്ന വാക്കുകൾക്ക് പകരം "നിർണ്ണയിക്കപ്പെടുന്ന തുകയിൽ" എന്ന വാക്കുകൾ ചേർക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(170) ഖണ്ഡം 3-ൽ "ഗാരന്റികൾ" എന്ന വാക്കിനുശേഷം "പതിനാലായിരം കോടി രൂപയിൽ" എന്ന വാക്കുകൾക്ക് പകരം "കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന തുകയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(171) ഖണ്ഡം 3-ൽ "കവിയാൻ പാടുള്ളതല്ല" എന്നതിനുപകരം "കൂടാൻ പാടുള്ളതല്ല" എന്ന് ഭേദഗതി ചെയ്യുക.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(174) ഖണ്ഡം 3 താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"(3) ഗവൺമെന്റ് ഗ്യാരന്റികളുടെ പരിധി

ഏതൊരു വർഷവും ഏപ്രിൽ 1-ാം തീയതി ബാക്കി നിൽക്കുന്ന മൊത്തം ഗവൺമെന്റ് ഗ്യാരന്റികളുടെ പരിധി അതതു വർഷം സർക്കാർ നിശ്ചയിച്ച് ഏപ്രിൽ 1-ാം തീയതിക്ക് മുമ്പായി പ്രഖ്യാപിക്കുന്നതാണ്."

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(175) ഖണ്ഡം 3 താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"(3) ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതിക്ക് ബാക്കിയായി കണക്കാക്കുന്ന മൊത്തം ഗവൺമെന്റ് ഗ്യാരന്റികളുടെ തുക പതിനാലായിരം കോടി രൂപയിൽ കൂടുതലാകുവാൻ പാടുള്ളതല്ല."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 147, 151, 166 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. നാരായണൻ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 162, 173 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 164, 172 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(176) ഖണ്ഡം 4-ൽ "പ്രാബല്യത്തിലിരിക്കുന്ന" എന്നത് "പ്രബല്യത്തിലിരിക്കുന്ന" എന്ന് ഭേദഗതി ചെയ്യുക.

(186) ഖണ്ഡം 4-ൽ "യാതൊരു ഗവൺമെന്റ് ഗ്യാരന്റിയും നൽകാൻ പാടുള്ളതല്ല" എന്നതിനുപകരം "ഗവൺമെന്റ് യാതൊരു ഗ്യാരന്റിയും നൽകാൻ പാടുള്ളതല്ല" എന്ന് ഭേദഗതി ചെയ്യുക.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(178) ഖണ്ഡം 4-ൽ "സ്വകാര്യ വ്യക്തിയുടെയോ" എന്നതിനുശേഷം "ട്രസ്റ്റിന്റേയോ" എന്നുകൂടി ചേർക്കുക.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(179) ഖണ്ഡം 4-ൽ "സ്വകാര്യ വ്യക്തിയുടെയോ" എന്ന വാക്കിനുശേഷം "സ്വകാര്യ പങ്കാളിത്തമുള്ള സർക്കാർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(180) ഖണ്ഡം 4-ൽ "സ്വകാര്യ വ്യക്തിയുടെയോ" എന്ന വാക്കിനുശേഷം "സ്വകാര്യ പങ്കാളിത്തമുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(181) ഖണ്ഡം 4-ൽ "സ്ഥാപനത്തിന്റെയോ" "കമ്പനിയുടേയോ" എന്നീ വാക്കുകൾക്ക് മുന്നിൽ "സ്വകാര്യ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(182) ഖണ്ഡം 4-ൽ "സ്ഥാപനത്തിന്റെയോ അല്ലെങ്കിൽ കമ്പനിയുടേയോ" എന്നതിന് പകരം "സ്വകാര്യ സ്ഥാപനത്തിന്റെയോ സ്വകാര്യ കമ്പനിയുടേയോ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(185) ഖണ്ഡം 4-ൽ (1) "സംബന്ധിച്ച്" എന്നതിനുശേഷം "ഈ ആക്ടിന്റെ പ്രാരംഭം മുതൽ" എന്ന് ചേർക്കുക.

(2) "യാതൊരു ഗവൺമെന്റ് ഗ്യാരന്റിയും" എന്നതിനുപകരം "യാതൊരു ഗ്യാരന്റിയും ഗവൺമെന്റ്" എന്ന് ചേർക്കുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(187) ഖണ്ഡം 4-ൽ ഉപഖണ്ഡം "(2)" ആയി താഴെപ്പറയുന്നത് ചേർക്കുകയും നിലവിലുള്ളത് (1) എന്ന് നമ്പർ ചെയ്യുകയും ചെയ്യുക. "(2) നിലവിൽ സ്വകാര്യ വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ അല്ലെങ്കിൽ കമ്പനിയുടെയോ വായ്പ സംബന്ധിച്ച സർക്കാർ നൽകിയിട്ടുള്ള ഗാരന്റി ഈ നിയമം നടപ്പിലാകുന്നതോടുകൂടി ഗാരന്റി കമ്മീഷൻ ഉൾപ്പെടെ നിയമാനുസൃതം വസൂലാക്കി അവസാനിപ്പിക്കേണ്ടതാണ്".

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(188) ഖണ്ഡം 4-ൽ താഴെപ്പറയും പ്രകാരം മാറ്റുക, "(4) വിലക്ക് നിലവിൽ പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന്റേതല്ലാത്ത സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മറ്റ് ഏതെങ്കിലും കമ്പനിയുടെയോ വായ്പ സംബന്ധിച്ച് ഗവൺമെന്റ് യാതൊരു ഗാരന്റിയും നൽകുവാൻ പാടുള്ളതല്ല".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 181-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ—28

1. Sri A. A. Azees
2. ,, Kodiyeri Balakrishnan
3. ,, A. K. Balan
4. ,, T. K. Balan
5. ,, Binoy Viswam
6. ,, V. K. Chandran
7. ,, V. Chenthamarakshan

LIBRARY ARCHIVES Kerala Legislative Assembly

8. Sri T. K. Deva Kumar
9. „ P. C. George
10. Smt. Girija Surendran
11. Sri K. K. Jayachandran
12. „ M. V. Jayarajan
13. „ P. Jayarajan
14. „ M. Kumaran
15. „ K. V. Kunhiraman
16. „ V. K. C. Mammathu Koya
17. „ Mathai Chacko
18. „ K. P. Mohanan
19. „ Pirappancode Murali
20. „ C. K. Nanu
21. „ P. Narayanan
22. „ K. Radhakrishnan
23. „ K. P. Rajendran
24. „ Raju Abraham
25. „ T. P. Ramakrishnan
26. „ K. P. Satheesh Chandran
27. Smt. P. K. Sreemathi Teacher
28. Dr. Thomas Issac

പ്രതികൂലിക്കുന്നവർ—42

1. Sri Kalathil Abdulla
2. „ P. K. Abdu Rabb
3. „ C. T. Ahammed Ali
4. „ A. K. Antony
5. „ K. Babu
6. „ R. Balakrishna Pillai
7. „ T. V. Chandramohan
8. „ K. A. Chandran
9. „ M. A. Chandrasekharan
10. „ Domenic Presentation
11. „ P. P. George
12. „ M. M. Hassan
13. „ V. K. Ibrahim Kunju
14. „ K. C. Joseph
15. „ Joseph M. Puthusseri
16. „ P. J. Joy
17. „ K. K. Nair
18. „ Ludy Luiz

LIBRARY ARCHIVES Kerala Legislative Assembly

19. Sri K. Mohankumar
20. ,, A. K. Moni
21. ,, C. Moyinkutty
22. ,, M. K. Paulson Master
23. ,, V. J. Poulose
24. ,, T. N. Prathapan
25. ,, G. Prathapa Varma Thampan
26. ,, Thiruvanchoor Radhakrishnan
27. ,, T. U. Radhakrishnan
28. Smt. Radha Raghavan
29. Sri Thampanoor Ravi
30. ,, T. P. M. Sahir
31. ,, N. Sakthan
32. ,, K. Sankaranarayanan
33. Smt. Malethu Sarala Devi
34. Sri V. D. Satheesan
35. Prof. Savithri Lekshmanan
36. Sri Shibu Baby John
37. Smt. Sobhana George
38. Sri P. T. Thomas
39. ,, Thomas Unniyadan
40. ,, M. A. Waheed
41. ,, K. C. Venugopal
42. ,, K. P. Viswanathan

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—28

പ്രതികൂലിക്കുന്നവർ—42

നിഷ്പക്ഷത പാലിക്കുന്നവർ—ഇല്ല.

ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 176, 186 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. മണി അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(190) ഖണ്ഡം 5(1)-ൽ "പ്രതിവർഷം" എന്നത് നീക്കം ചെയ്യുക.

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(193) ഖണ്ഡം 5(1)-ൽ "0.75" ശതമാനം എന്നത് "0.50" ശതമാനം എന്ന് മാറ്റണം.

(222) ഖണ്ഡം 5(2)-ൽ "ആശ്രയിച്ച്" എന്ന വാക്കിനുശേഷം "സ്ഥാപനത്തിന്റെ വളർച്ചയുടെയും അഭിവൃദ്ധിയുടെയും" എന്നുകൂടി ചേർക്കുക.

(245) ഖണ്ഡം 5(2)-ന്റെ വിശദീകരണത്തിൽ "സാമ്പത്തിക സ്ഥിതി" എന്ന വാക്കിനുശേഷം "വ്യവസായത്തിന്റെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും" എന്നുകൂടി ചേർക്കുക.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(197) ഖണ്ഡം 5(1)-ൽ "0.75" എന്നതിന് പകരം "0.60" എന്ന് ചേർക്കുക.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(230) ഖണ്ഡം 5(2)-ൽ 1-ാം ഖണ്ഡികയ്ക്കുശേഷം ഇനി പറയുന്ന ഖണ്ഡിക കൂടി ചേർക്കുക:

"അതുപോലെ ഇപ്പോൾ നിലവിലുള്ള സർക്കാർ ഗാരന്റികൾക്ക് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ ഗാരന്റി കമ്മീഷൻ ഒരു വർഷത്തിനകം അടച്ചുതീർക്കാൻ വ്യവസ്ഥ ചെയ്യേണ്ടതാണ്" കാരണം ഈ ബില്ലിൽ ഇത് വ്യവസ്ഥ ചെയ്തിട്ടില്ല. ഈ ഭേദഗതി അംഗീകരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(229) ഖണ്ഡം 5(2)-ൽ വിശദീകരണത്തിനു മുമ്പ് ഇനി പറയുന്ന ഖണ്ഡിക ചേർക്കുക:

"നിലവിൽ വിവിധ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയിട്ടുള്ള ഗാരന്റി കമ്മീഷൻ തുകകൾ നിശ്ചിത കാലയളവിനുള്ളിൽ അടച്ചുതീർക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അടച്ചുതീർക്കാത്തപക്ഷം നൽകിയിട്ടുള്ള ഗാരന്റികളിൽ നിന്നും ഒഴിവാകാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതും, ഗാരന്റി കാലാവധിക്കുശേഷം നീട്ടാൻ പാടില്ലാത്തതുമാകുന്നു."

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള നമ്മുടെ സ്ഥാപനങ്ങൾക്ക് ഗാരന്റി ഇനത്തിൽ കിട്ടേണ്ടുന്ന കമ്മീഷൻ തുകയുണ്ട്. ആ ഗാരന്റി തുക നിശ്ചിത കാലയളവിനുള്ളിൽ പിരിഞ്ഞു കിട്ടാനുള്ള ഒരു ക്ലാസ്സെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(216) ഖണ്ഡം 5(1)-ൽ "പാടില്ലാത്തതുമാണ്" എന്ന വാക്കിനുശേഷം താഴെപ്പറയുന്നവ കൂട്ടിച്ചേർക്കുക:

"ഗാരന്റി കമ്മീഷൻ വർഷത്തിൽ മൂന്ന് പ്രാവശ്യം നിർബന്ധമായി പിരിച്ചെടുക്കേണ്ടതാണ്."

(221) ഖണ്ഡം 5(2)-ൽ "ആശ്രയിച്ച്" എന്ന വാക്കിനുശേഷം "സ്ഥാപനത്തിന്റെ വളർച്ചയുടേയും പുരോഗതിയുടേയും" എന്നുകൂടി ചേർക്കുക.

(244) ഖണ്ഡം 5(2)-ന്റെ വിശദീകരണത്തിൽ "സാമ്പത്തിക സ്ഥിതി" എന്ന വാക്കിനുശേഷം "വ്യവസായത്തിന്റെ വളർച്ചയ്ക്ക് പുരോഗതിയും" എന്നു കൂട്ടിച്ചേർക്കുക.

(255) ഖണ്ഡം 5(3)-ൽ "കാലാവധിക്കുശേഷം" എന്നതിനുശേഷം "നീട്ടാൻ പാടില്ലാത്തതും കമ്മീഷൻ തുക കൃത്യമായി പിരിച്ചെടുത്തുകൊണ്ട് ഗാരന്റി കാലാവധിക്കുശേഷം" എന്ന് കൂട്ടിച്ചേർക്കുക. ഇതിൽ കമ്മീഷൻ കൃത്യമായി പിരിച്ചെടുക്കുവാനുള്ള വ്യവസ്ഥ കർശനമാക്കണം.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(209) ഖണ്ഡം 5(1)-ൽ "പ്രതിവർഷം" എന്ന വാക്കിനുശേഷം "0.75" എന്ന അക്കങ്ങൾക്കുപകരം "കാലാകാലങ്ങളിൽ നിർണ്ണയിക്കാവുന്ന" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. പി. നാരായണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(210) ഖണ്ഡം 5(1)-ൽ "കമ്മീഷനായി ചുമത്തേണ്ടതും അത്" എന്ന വാക്കുകൾക്കുശേഷം താഴെപ്പറയും പ്രകാരം മാറ്റം വരുത്തേണ്ടതാണ്:

"സർക്കാരിന് യുക്തമെന്ന് തോന്നുന്നപക്ഷം ഗസറ്റ് വിജ്ഞാപനം വഴി വേണ്ടെന്ന് വയ്ക്കാവുന്നതുമാണ് "

(232) ഖണ്ഡം 5 (2) താഴെപ്പറയും പ്രകാരം മാറ്റം വരുത്തേണ്ടതാണ്:

"(2) ഏതൊരു വ്യക്തിയുടേയോ സ്ഥാപനത്തിന്റേയോ പദ്ധതിയുടേയോ മുടക്ക സാദ്ധ്യതയെ ആശ്രയിച്ച് സർക്കാരിന് കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി യുക്തമായ നിരക്കിലുള്ള കമ്മീഷൻ വിനിർദ്ദേശിക്കാവുന്നതാണ്."

(246) ഖണ്ഡം 5(2)-ൽ താഴെപ്പറയും പ്രകാരം മാറ്റം വരുത്തേണ്ടതാണ്.

"ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി മുടക്ക സാദ്ധ്യത എന്നാൽ ഗവൺമെന്റ് ഗാരന്റി ആർക്കുവേണ്ടിയാണോ നൽകുന്നത് ആ കടം വാങ്ങുന്ന ആൾ അഥവാ സ്ഥാപനം കടം വാങ്ങിയ തുക, ആവശ്യം, വ്യവസായത്തിന്റെ ഇനം, സാമ്പത്തിക സ്ഥിതി എന്നിവയെ ആശ്രയിച്ച് മുടക്കം വരുത്താനുള്ള സംഭവ്യത എന്നർത്ഥമാകുന്നു."

LIBRARY ARCHIVES Kerala Legislative Assembly

(253) ഖണ്ഡം 5(3)-ൽ "കടം വാങ്ങുന്ന ആൾ" എന്ന വാക്കുകൾക്കുശേഷം "പൂർണ്ണമായി" എന്ന വാക്കിനു മുമ്പായി "അഥവാ സ്ഥാപനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(211) ഖണ്ഡം 5(1)-ൽ "അത് യാതൊരു സാഹചര്യത്തിലും വേണ്ടെന്നുവയ്ക്കാൻ പാടില്ലാത്തതുമാണ്" എന്ന വാക്കുകൾക്കുപകരം "ചില പ്രത്യേക സാഹചര്യങ്ങളിൽ അതത് സംഗതിപോലെ സർക്കാർ തീരുമാനിക്കേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കുക.

(227) ഖണ്ഡം 5(2)-ൽ "കമ്മീഷൻ വിനിർദ്ദേശിക്കാവുന്നതാണ്" എന്ന വാക്കുകൾക്കു ശേഷം "ഏതൊരു സാഹചര്യത്തിലും പരമാവധി ഉയർന്ന നിരക്ക് 2 ശതമാനത്തിലധികം ആകാൻ പാടില്ലാത്തതാകുന്നു" എന്ന വാക്കുകൾകൂടി ചേർക്കേണ്ടതാണ്.

(235) ഖണ്ഡം 5(2)-ന്റെ വിശദീകരണത്തിൽ "ആ കടം വാങ്ങുന്ന" എന്ന വാക്കുകൾക്കുശേഷം "ആൾ" എന്ന വാക്കുകൾക്കുപകരം "സ്ഥാപനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

211-ൽ പറയുന്നത് യാതൊരു സാഹചര്യത്തിലും വേണ്ടെന്നു വയ്ക്കാൻ പാടില്ലാത്തതുമാണ് എന്നതിനുപകരം ഒരു ഫ്ളെക്സിബിൾ ക്ലാസ് കൊടുക്കുന്നതായിരിക്കും നല്ലത്. ചില പ്രത്യേക സാഹചര്യങ്ങളിൽ അതത് സംഗതിപോലെ സർക്കാർ തീരുമാനിക്കേണ്ടതാണ് എന്ന് ചേർക്കുക.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(212) ഖണ്ഡം 5(1)-ൽ രണ്ടാമത്തെ വരിയിൽ "യാതൊരു" എന്ന വാക്കിനുപകരം "ഏതൊരു" എന്ന് ചേർക്കുക.

(236) ഖണ്ഡം 5(2)-ന്റെ വിശദീകരണത്തിൽ രണ്ടാം ഖണ്ഡികയിൽ മൂന്നാമത്തെ വരിയിൽ "ആ കടം വാങ്ങുന്ന ആൾ" എന്നതിനു പകരം "ആ കടം വാങ്ങുന്ന സ്ഥാപനം" എന്ന് ഭേദഗതി ചെയ്യുക.

(254) ഖണ്ഡം 5(3)-ൽ രണ്ടാമത്തെ വരിയിൽ "ആൾ" എന്ന വാക്കിനുപകരം "സ്ഥാപനം" എന്ന വാക്ക് ചേർക്കുക.

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(213) ഖണ്ഡം 5(1)-ൽ "സർക്കാർ വകുപ്പുകൾക്കുള്ള ഗാരന്റികൾ ഒഴിച്ച് മറ്റൊന്നിനും" എന്നീ വാക്കുകൾ "സാഹചര്യത്തിലും" എന്ന വാക്കിനും "വേണ്ടെന്ന് വയ്ക്കാൻ" എന്ന വാക്കിനും ഇടയിലായി ചേർക്കുക.

(264) ഖണ്ഡം 5(3)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം കൂട്ടിച്ചേർക്കുക:

(4) "സർക്കാരിന് ലഭിക്കേണ്ട ഗാരന്റി കുടിശ്ശിക സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് അതാതുവർഷം സർക്കാർ നിയമസഭയിൽ വയ്ക്കേണ്ടതാണ്."

(264)-നെക്കുറിച്ച് എനിക്ക് പറയുവാനുള്ളത് സർക്കാരിന് ലഭിക്കേണ്ട ഗാരന്റി കുടിശ്ശിക സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് അതാതുവർഷത്തിൽ സർക്കാർ നിയമസഭയിൽ വയ്ക്കേണ്ടതാണെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(217) ഖണ്ഡം 5(1)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"1-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടേയും കാര്യത്തിൽ ഗാരന്റി കമ്മീഷൻ കുറഞ്ഞ നിരക്കിൽ നിശ്ചയിക്കുന്നതിനും വേണ്ടെന്ന് വയ്ക്കുന്നതിനും സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്".

(261) ഖണ്ഡം 5(3)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ ഈ ഉപഖണ്ഡത്തിൽ പറയുന്ന വ്യവസ്ഥ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടേയും ഗാരന്റി കാലാവധിക്കുശേഷം നീട്ടുന്നതിന് ബാധകമല്ലാത്തതാകുന്നു."

217-ാമത്തെ ഭേദഗതി നമ്മുടെ സഹകരണ സ്ഥാപനങ്ങൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുമൊക്കെ ഒരു എക്സംപ്ഷൻ കൊടുക്കേണ്ടതിനെക്കുറിച്ചാണ്. ഈ ഭേദഗതി അംഗീകരിക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(218) ഖണ്ഡം 5(1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

(1) "സംസ്ഥാന സർക്കാർ നൽകിയതോ നൽകുന്നതോ ആയ യാതൊരു ഗാരന്റിയും പ്രതിവർഷം കുറഞ്ഞത് 0.75 ശതമാനം ഗാരന്റി കമ്മീഷൻ ചുമത്തേണ്ടതും അത് നിർണ്ണയിക്കപ്പെട്ട രീതിയിൽ ഈടാക്കേണ്ടതുമാണ്."

(265) ഖണ്ഡം 5(3)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(4) ഓരോ സാമ്പത്തിക വർഷം അവസാനിച്ച ഉടൻ കഴിയുന്നതും വേഗം മുൻസാമ്പത്തിക വർഷം സർക്കാരിന് ഗാരന്റി കമ്മീഷൻ ഇനത്തിൽ ലഭിച്ച തുകയുടെ ഒരു സ്റ്റേറ്റ്മെന്റ് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്."

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

ഖണ്ഡം 5(1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

(219) "ഗാരന്റി കമ്മീഷൻ (1) സർക്കാർ ഏറ്റവും കുറഞ്ഞത് പ്രതിവർഷം 0.75 ശതമാനം ഗാരന്റി കമ്മീഷനായി ചുമത്തേണ്ടതും അത് ഒരു സാഹചര്യത്തിലും ഉപേക്ഷിക്കുവാൻ പാടില്ലാത്തതുമാണ്."

(226) ഖണ്ഡം 5(2)-ൽ "ഒരു ശതമാനം വരെ" എന്ന വാക്കുകൾ "ഉയർന്ന നിരക്കിലുള്ള" എന്നീ വാക്കുകൾക്ക് മുമ്പായി ചേർക്കുക.

(260) ഖണ്ഡിക 5(3) താഴെപ്പറയുന്ന വിധത്തിൽ മാറ്റേണ്ടതാണ്:

"(3) സർക്കാരിന് കിട്ടേണ്ടതായ ഗാരന്റി കമ്മീഷൻ കടം വാങ്ങുന്ന ആൾ പൂർണ്ണമായി അടച്ചുതീർക്കാത്ത പക്ഷം നൽകിയിട്ടുള്ള ഗാരന്റി കാലാവധി തീരുന്നതോടെ റദ്ദ് ചെയ്യേണ്ടതും കമ്മീഷൻ ഗവൺമെന്റിന് ലഭ്യമാക്കുന്നതിന് മറ്റ് നടപടികൾ സ്വീകരിക്കേണ്ടതാണ്."

ശ്രീ. ടി. പി രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(220) ഖണ്ഡം 5 (2) നീക്കം ചെയ്യുക.

ശ്രീ. എം. കുമാരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(224) ഖണ്ഡം 5 (2)-ൽ "ഗസറ്റ് വിജ്ഞാപനം വഴി, ഉയർന്ന നിരക്കിലുള്ള കമ്മീഷൻ വിനിർദ്ദേശിക്കാവുന്നതാണ്" എന്നതിനുപകരം "ഗസറ്റ് വിജ്ഞാപനം വഴി നിശ്ചിത നിരക്കിലുള്ള കമ്മീഷൻ നിർദ്ദേശിക്കാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(231) ഖണ്ഡം 5 (2) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"(1)-ാം ഉപവകുപ്പിൽ എന്തുതന്നെ പറഞ്ഞിരുന്നലും ഏതൊരു പദ്ധതിയുടെയും മുടക്കസാദ്ധ്യതയേയോ പ്രവർത്തന പുരോഗതി ഇല്ലായ്മയേയോ പരിഗണിച്ച് സർക്കാരിന് ആ പദ്ധതിയുടെ വായ്പ സംബന്ധിച്ച് ഗാരന്റി കൊടുക്കുമ്പോഴോ അതിനുശേഷം എപ്പോൾ വേണമെങ്കിലുമോ ഗാരന്റി കൊടുക്കപ്പെട്ട സ്ഥാപനവുമായി കൂടിയാലോചിച്ച് ഗസറ്റ് വിജ്ഞാപനം വഴി ഉയർന്ന നിരക്കിലുള്ള ഗാരന്റി കമ്മീഷൻ വിനിർദ്ദേശിക്കാവുന്നതാണ്."

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(237) ഖണ്ഡം 5(2)-ന്റെ വിശദീകരണത്തിൽ "കടം വാങ്ങുന്ന ആൾ" എന്നീ വാക്കുകൾക്ക് പകരം "കടം വാങ്ങുന്ന സ്ഥാപനം" എന്നീ വാക്കുകളും "മുടക്കം വരുത്താനുള്ള" എന്നീ വാക്കുകൾക്ക് പകരം "മുടക്കം വരാവുന്ന" എന്നീ വാക്കുകളും ചേർക്കേണ്ടതാണ്.

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(259) ഖണ്ഡം 5(3) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

(3) "സർക്കാരിന് കിട്ടേണ്ടതായ ഗാരന്റി കമ്മീഷൻ അതാതു വർഷം പ്രതിമാസ തുല്യതവണകളായി ഈടാക്കേണ്ടതും കടം വാങ്ങിയ ആൾ അല്ലെങ്കിൽ സ്ഥാപനം ഗാരന്റി കമ്മീഷൻ അടച്ചുതീർക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള പക്ഷം കാലാവധിക്കുശേഷം ഗാരന്റി നീട്ടാൻ പാടില്ലാത്തതുമാകുന്നു".

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(262) ഖണ്ഡം 5(3) താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ ഈ വകുപ്പിന്റെ 1-ാം ഉപവകുപ്പും 2-ാം ഉപവകുപ്പും സർക്കാർ വകുപ്പുകളുടെ വായ്പയ്ക്കായി നൽകുന്ന ഗവൺമെന്റ് ഗാരന്റികൾക്ക് ബാധകമായിരിക്കുന്നതല്ല."

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(263) ഖണ്ഡം 5(3)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്:

LIBRARY ARCHIVES Kerala Legislative Assembly

(4) "ഓരോ സാമ്പത്തിക വർഷം അവസാനിച്ച ഉടൻ കഴിയുന്നതും വേഗം മുൻസാമ്പത്തിക വർഷം സർക്കാരിന് ഗാരന്റീ കമ്മീഷൻ ഇനത്തിൽ ലഭിച്ച തുകയുടെ ഒരു സ്റ്റേറ്റ്മെന്റ് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: 197, 211, 221 എന്നീ ഭേദഗതികൾക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—28

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, ബിനോയ് വിശ്വം
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, പി. സി. ജോർജ്ജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. കെ. കെ. ജയചന്ദ്രൻ
12. ,, എം. വി. ജയരാജൻ
13. ,, പി. ജയരാജൻ
14. ,, എം. കുമാരൻ
15. ,, കെ. വി. കുഞ്ഞിരാമൻ
16. ,, വി. കെ. സി. മമ്മത്കോയ
17. ,, മത്തായി ചാക്കോ
18. ,, കെ. പി. മോഹനൻ
19. ,, പിരപ്പൻകോട് മുരളി
20. ,, സി. കെ. നാണു
21. ,, പി. നാരായണൻ
22. ,, കെ. രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

23. ശ്രീ. കെ. പി. രാജേന്ദ്രൻ
24. ,, രാജു എബ്രഹാം
25. ,, ടി. പി. രാമകൃഷ്ണൻ
26. ,, കെ. പി. സതീശ് ചന്ദ്രൻ
27. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
28. ഡോ. തോമസ് ഐസക്

പ്രതികൂലിക്കുന്നവർ—46

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, സി. ടി. അഹമ്മദ് അലി
3. ,, എ. കെ. ആന്റണി
4. ,, കെ. ബാബു
5. ,, ആർ. ബാലകൃഷ്ണപിള്ള
6. ,, പി. കെ. കെ. ബാവ
7. ,, ടി. വി. ചന്ദ്രമോഹൻ
8. ,, കെ. എ. ചന്ദ്രൻ
9. ,, എം. എ. ചന്ദ്രശേഖരൻ
10. ,, എം.എം. ഹസ്സൻ
11. ,, കെ. സി. ജോസഫ്
12. ,, ജോസഫ് എം. പുതുശ്ശേരി
13. ,, പി. ജെ. ജോയി
14. ,, വർക്കല കഹാർ
15. ,, കെ. കെ. നായർ
16. ,, ലൂഡി ലൂയിസ്
17. ,, ഇ. ടി. മുഹമ്മദ് ബഷീർ
18. ,, കെ. മോഹൻ കുമാർ
19. ,, എ. കെ. മണി
20. ,, സി. മോയിൻകുട്ടി
21. ,, എം. മുരളി
22. ,, എം. കെ. പോൾസൺ മാസ്റ്റർ
23. ,, വി. ജെ. പൗലോസ്
24. ,, ടി. എൻ. പ്രതാപൻ

LIBRARY ARCHIVES Kerala Legislative Assembly

25. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ
26. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ,, ടി. യു. രാധാകൃഷ്ണൻ
28. ശ്രീമതി രാധാരാഘവൻ
29. ശ്രീ. എ. എൻ. രാജൻ ബാബു
30. ,, തമ്പാനൂർ രവി
31. ,, ടി. പി. എം. സാഹിർ
32. ,, എൻ. ശക്തൻ
33. ,, പി. ശങ്കരൻ
34. ,, കെ. ശങ്കരനാരായണൻ
35. ശ്രീമതി മാലേത്ത് സരളാദേവി
36. ശ്രീ. വി. ഡി. സതീശൻ
37. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
38. ശ്രീമതി ശോഭനാ ജോർജ്
39. ശ്രീ. എൻ. സുന്ദരൻ നാടാർ
40. പ്രൊഫ. കെ. വി. തോമസ്
41. ശ്രീ. പി. ടി. തോമസ്
42. ,, തോമസ് ഉണ്ണിയാടൻ
43. ,, ഉമേഷ് ചള്ളിയിൽ
44. ,, എം. എ. വാഹീദ്
45. ,, കെ. സി. വേണുഗോപാൽ
46. ,, കെ. പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ —ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—28

പ്രതികൂലിക്കുന്നവർ—46

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 193, 222, 245 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 216, 221, 244, 255 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. നാരായണൻ അവതരിപ്പിച്ച 210, 232, 246, 253 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 211, 227, 235 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 212, 236, 254 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 213, 264 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 217, 261 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 218, 265 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 219, 226, 260 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. കുമാരൻ അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. അബ്ദുറബ്ബ് അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(266) ഖണ്ഡം 6(1) താഴെപ്പറയുന്ന വിധം ഭേദഗതി ചെയ്യുക:

LIBRARY ARCHIVES Kerala Legislative Assembly

"ഗാരന്റി റിഡംപ്ഷൻ ഫണ്ടിന്റെ കോർപസ് ഗാരന്റി റിഡംപ്ഷൻ ഫണ്ട്—(1) എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കാൻ തീരുമാനിക്കാവുന്നതും, വ്യക്തമായ വ്യവസ്ഥകളോടും നിബന്ധനകളോടുംകൂടി രൂപീകരിക്കേണ്ടതുമാണ്".

(270) ഖണ്ഡം 6(2)-ൽ "അതു സംസ്ഥാനത്തിന്റെ പൊതു കണക്കിൽ അടയ്ക്കേണ്ടതുമാണ്" എന്നതിനുപകരം "ഈ ഇനത്തിൽ ഈടാക്കുന്ന പിഴ സംഖ്യ കൂടി ഉൾപ്പെടുന്ന വിധത്തിൽ ഫണ്ടിൽ ലയിപ്പിക്കേണ്ടതാണ്" എന്നുകൂടി ചേർക്കുക.

(277) ഖണ്ഡം 6(3) താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക.

"ഗാരന്റി റിഡംപ്ഷൻ ഫണ്ടിന്റെ നടത്തിപ്പ് നിർണ്ണയിക്കപ്പെട്ട പ്രകാരത്തിൽ വ്യക്തമായ ചട്ടങ്ങളും വ്യവസ്ഥകളും നിബന്ധനകളോടുംകൂടി നടത്തേണ്ടതുമാണ്".

ഫണ്ട് രൂപീകരിക്കുന്നതിന് തീരുമാനിക്കണമെന്നു പറയുമ്പോൾ അതിന് വ്യക്തമായ വ്യവസ്ഥകളും നിബന്ധനകളും വേണം. അതുപോലെ അത് ഉപയോഗപ്പെടുത്തുമ്പോഴും. ഫണ്ട് കിട്ടിക്കഴിഞ്ഞാൽ ഉടനെതന്നെ ഗവൺമെന്റിന്റെ മറ്റ് ചെലവുകൾക്കും കാര്യങ്ങൾക്കും പോകാൻ ഇടവരുത്താതെ വ്യക്തമായ വ്യവസ്ഥകളും ചട്ടങ്ങളും ഉണ്ടാകണം. പിഴ സംഖ്യ ഇതിൽ പറയുന്നില്ല. അങ്ങനെ കിട്ടുന്ന സംഖ്യകൂടി കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(268) ഖണ്ഡം 6(2)-ൽ "ഗാരന്റി റിഡംപ്ഷൻ ഫണ്ടിന്റെ കോർപ്പസ് ആക്കുന്നതും" എന്നത് "ഗാരന്റി വീണ്ടെടുക്കൽ ഫണ്ടിന്റെ ഭാഗമാകുന്നതും" എന്ന് ഭേദഗതി ചെയ്യുക.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(269) ഖണ്ഡം 6(2)-ൽ "ഗാരന്റി റിഡംപ്ഷൻ ഫണ്ടിന്റെ കോർപ്പസ്" എന്നത് "ഗാരന്റി വിടുതൽ ഫണ്ടിന്റെ കളക്ഷൻ" എന്ന് ഭേദഗതി ചെയ്യുക.

ഇതിന്റെ പരിഭാഷ ശരിയല്ല. അതുകൊണ്ട് ഗാരന്റി വിടുതൽ ഫണ്ടിന്റെ കളക്ഷൻ എന്ന് ഭേദഗതി ചെയ്യുക.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(271) ഖണ്ഡം 6(2)-ൽ "പൊതുകണക്കിൽ അടയ്ക്കേണ്ടതാണ്" എന്നതിനുപകരം "പൊതുമേഖലാ വ്യവസായങ്ങളുടേയും പരമ്പരാഗത വ്യവസായങ്ങളുടേയും പുനരുദ്ധാരണത്തിനായി വിനിയോഗിക്കേണ്ടതുമാണ്" എന്ന് ചേർക്കണം.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(273) ഖണ്ഡം 6(3)-ൽ "ഫണ്ടിന്റെ നടത്തിപ്പ്" എന്ന വാക്കുകൾക്കുപകരം "ഫണ്ടിന്റെ നടത്തിപ്പ് ആഡിറ്റ് ഫണ്ടിലേക്കുള്ള തുക ഈടാക്കൽ എന്നിവ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(275) ഖണ്ഡം 6(3)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്കിനുമുമ്പായി പകരം "സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി "എന്ന വാക്കുകൾകൂടി ചേർക്കുക.

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(276) ഖണ്ഡം 6(3) താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യേണ്ടതാണ്:

"(3) ഗാരന്റി റിഡംപ്ഷൻ ഫണ്ട് കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങളുടേയും പരമ്പരാഗത വ്യവസായങ്ങളുടേയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതും ഫണ്ടിന്റെ നടത്തിപ്പ് നിർണ്ണയിക്കപ്പെട്ട പ്രകാരത്തിലായിരിക്കേണ്ടതുമാണ്."

ഗാരന്റി റിഡംപ്ഷൻ ഫണ്ട് എന്ന് പറഞ്ഞ് സർക്കാരിന് വലിയൊരു തുക കിട്ടുകയാണ്. ആ തുക ശരിയായി വിനിയോഗിക്കണമെങ്കിൽ ഇതു സംബന്ധിച്ച് 6(3)-ൽ വ്യക്തമായ ഒരു വ്യവസ്ഥ ഉണ്ടാകണം. നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലേയും പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളിലേയും തൊഴിലാളികൾ അങ്ങേയറ്റം പ്രയാസപ്പെട്ടുകൊണ്ടിരിക്കുകയാണ്. റിഡംപ്ഷൻ ഫണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടേയും പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളുടേയും മെച്ചത്തിനും ഗുണത്തിനുംവേണ്ടി ഉപയോഗിക്കണം. അതുകൊണ്ട് മാറ്റണമെന്നു പറയുന്നത് ഇങ്ങനെയാണ്. ഗാരന്റി റിഡംപ്ഷൻ ഫണ്ട് കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങളുടേയും പരമ്പരാഗത വ്യവസായങ്ങളുടേയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതും ഫണ്ടിന്റെ നടത്തിപ്പ് നിർണ്ണയിക്കപ്പെട്ട പ്രകാരത്തിലായിരിക്കേണ്ടതുമാണ്. ഇത് ഉദാരമായ നിലപാടോടുകൂടി ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. പി. ജയരാജൻ: സർ, 276-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ—28

1. Sri A. A. Azees
2. ,, Kodiyeri Balakrishnan
3. ,, A. K. Balan
4. ,, T. K. Balan
5. ,, Binoy Viswam
6. ,, V. K. Chandran
7. ,, V. Chenthamarakshan
8. ,, T. K. Deva Kumar

LIBRARY ARCHIVES Kerala Legislative Assembly

9. Sri P. C. George
10. Smt. Girija Surendran
11. Sri K. K. Jayachandran
12. ,, M. V. Jayarajan
13. ,, P. Jayarajan
14. ,, M. Kumaran
15. ,, K. V. Kunhiraman
16. ,, V. K. C. Mammathu Koya
17. ,, Mathai Chacko
18. ,, K. P. Mohanan
19. ,, Pirappancode Murali
20. ,, C. K. Nanu
21. ,, P. Narayanan
22. ,, K. Radhakrishnan
23. ,, K. P. Rajendran
24. ,, Raju Abraham
25. ,, T. P. Ramakrishnan
26. ,, K. P. Satheesh Chandran
27. Smt.P. K. Sreemathi Teacher
28. Dr. Thomas Issac

പ്രതികൂലിക്കുന്നവർ—47

1. Sri Kalathil Abdulla
2. ,, C. T. Ahammed Ali
3. ,, A. K. Antony
4. ,, K. Babu
5. ,, R. Balakrishna Pillai
6. ,, P. K. K. Bava
7. ,, T. V. Chandramohan
8. ,, K. A. Chandran
9. ,, M. A. Chandrasekharan
10. ,, Domenic Presentation
11. ,, M. M. Hassan
12. ,, K. C. Joseph
13. ,, Joseph M. Puthusseri

LIBRARY ARCHIVES Kerala Legislative Assembly

14. Sri P. J. Joy
15. ,, Varkala Kahar
16. ,, K. K. Nair
17. ,, Ludy Luiz
18. ,, E. T. Muhammed Basheer
19. ,, K. Mohankumar
20. ,, A. K. Moni
21. ,, C. Moyinkutty
22. ,, M. Murali
23. ,, M. K. Paulson Master
24. ,, V. J. Poulose
25. ,, T. N. Prathapan
26. ,, G. Prathapa Varma Thampan
27. ,, Thiruvanchoor Radhakrishnan
28. ,, T. U. Radhakrishnan
29. Smt. Radha Raghavan
30. Sri A. N. Rajan Babu
31. ,, Thampanoor Ravi
32. ,, T. P. M. Sahir
33. ,, N. Sakthan
34. ,, P. Sankaran
35. ,, K. Sankaranarayanan
36. Smt. Malethu Sarala Devi
37. Sri V. D. Satheesan
38. Prof. Savithri Lekshmanan
39. Smt. Sobhana George
40. Sri N. Sundaran Nadar
41. Prof. K. V. Thomas
42. Sri P. T. Thomas
43. ,, Thomas Unniyadan
44. ,, Umesh Challiyil
45. ,, M. A. Waheed
46. ,, K. C. Venugopal
47. ,, K. P. Viswanathan

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—28

പ്രതികൂലിക്കുന്നവർ—47

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 266, 270, 277 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 273-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 275-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(278) ഖണ്ഡം 7(1)-ൽ "ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്" എന്നതിനുപകരം "മൂന്ന് മാസത്തിനകം ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്" എന്ന് ചേർക്കണം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(279) ഖണ്ഡം 7(1)-ൽ "ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്" എന്നതിനുപകരം "2004 മാർച്ച് 31-നകം ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്" എന്ന് ചേർക്കണം.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(280) ഖണ്ഡം 7(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേയ്ക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്."

(282) ഖണ്ഡം 7(2)-ൽ "രൂപഭേദം" എന്ന വാക്കിനുപകരം "മാറ്റം" എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(283) ഖണ്ഡം 7(2)ൽ "തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം", എന്നതിനുശേഷം "അതിനുശേഷം ആ ചട്ടത്തിന്, അതത് സംഗതിപോലെ" എന്നതിനുപകരം " അതതു സംഗതിപോലെ, ആ ചട്ടത്തിന് അതിനുശേഷം" എന്ന് മാറ്റുക.

(284) ഖണ്ഡം 7(2)-ൽ "രൂപഭേദപ്പെടുത്തിയ" എന്ന വാക്കിനുപകരം "മാറ്റം വരുത്തിയ" എന്ന് ചേർക്കുക.

(285) ഖണ്ഡം 7(2)-ൽ "അങ്ങനെയുള്ള " എന്ന വാക്കിനുപകരം "അപ്രകാരമുള്ള" എന്ന് ചേർക്കുക.

(286) ഖണ്ഡം 7(2)-ൽ "രൂപഭേദപ്പെടുത്തലോ " എന്നതിനുപകരം "മാറ്റമോ" എന്ന് ചേർക്കുക.

(287) ഖണ്ഡം 7(2)-ൽ "മുൻപ് ചെയ്ത" എന്നതിനുപകരം "നേരത്തേ ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

(288) ഖണ്ഡം 7(2)-ൽ "വിധത്തിലായിരിക്കേണ്ടതുമാകുന്നു" എന്നതിനുപകരം "വിധത്തിലായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(281) ഖണ്ഡം 7(2)-ൽ "കഴിയുന്ത്രവേഗം നിയമസഭ സമ്മേളനത്തിലിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിന്നാലു ദിവസത്തേയ്ക്ക്" എന്നതിനുപകരം "ഏറ്റവും അടുത്ത് ചേരുന്ന നിയമസഭാ സമ്മേളനത്തിൽ നിർബന്ധമായി"

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 279-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 280, 282, 283, 284, 285, 286, 287, 288 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(97) ശീർഷകത്തിൽ "പരമാവധി" എന്ന വാക്ക് ഒഴിവാക്കുകയും "2002-ലെ" എന്നത് "2003-ലെ" എന്ന് ഭേദഗതി ചെയ്യുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(102) ദീർഘശീർഷകത്തിൽ "പരമാവധി" എന്ന വാക്ക് ഒഴിവാക്കുക.

(113) പീഠികയിൽ "സഹകരണ സ്ഥാപനങ്ങൾ" എന്നതിനുശേഷം "അർദ്ധസർക്കാർ സ്ഥാപനങ്ങൾ" എന്നുകൂടി ചേർക്കുക.

(123) ഖണ്ഡം 1(1)-ൽ "പരമാവധി" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(99) ശീർഷകം "2003-ലെ കേരള ഗവൺമെന്റ് ഗാരന്റികളുടെ പരമാവധി ബിൽ" എന്ന് ഭേദഗതി ചെയ്യുക.

(104) ദീർഘശീർഷകത്തിൽ കാര്യങ്ങൾക്കും എന്നതിനുപകരം "കാര്യങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും" എന്ന് ചേർക്കുക.

(108) പീഠികയിൽ "സർക്കാർ വകുപ്പുകൾ" എന്നതിനുശേഷം "അർദ്ധ സർക്കാർ വകുപ്പുകൾ" എന്നും "മെച്ചപ്പെടുത്തുന്നതിനും" എന്ന വാക്കിനുശേഷം "ചിട്ടപ്പെടുത്തുന്നതിനും" എന്നും കൂട്ടിച്ചേർക്കുക.

പരിധി എന്നുള്ളത് എടുത്തുകളയുക എന്നുള്ളതാണ്. പരമാവധി എന്നുള്ളത് മതി. പരമാവധി ഗവൺമെന്റ് നിശ്ചയിച്ചിട്ട് അതാതു സമയത്ത് മാറ്റാവുന്നതേയുള്ളൂ. അതാണ് ഞാൻ പ്രധാനമായും ഉദ്ദേശിക്കുന്നത്. അതുപോലെ ഗവൺമെന്റ് എന്നു മാത്രമല്ല അർദ്ധ സർക്കാർ സ്ഥാപനങ്ങൾകൂടി വേണം. കാരണം ഗവൺമെന്റ് പല സ്ഥലത്തും ഓഹരിയും ശതമാനവും കുറയ്ക്കുകയാണ്. അപ്പോൾ പലതും അർദ്ധസർക്കാർ സ്ഥാപനമായി മാറിക്കൊണ്ടിരിക്കും. പൊതുമേഖലാ വ്യവസായങ്ങളെ സംബന്ധിച്ചാണ് ഞാൻ പ്രത്യേകിച്ച് പറയുന്നത്. അതുകൊണ്ട് അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നതുകൂടി അംഗീകരിക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(100) ശീർഷകം താഴെപ്പറയുംവിധം മാറ്റേണ്ടതാണ്.

"2003-ലെ കേരള ഗവൺമെന്റ് ഗാരന്റികളുടെ പരമാവധി പരിധി നിർണ്ണയ ബിൽ"

(103) ദീർഘശീർഷകത്തിൽ "പരിധിയും" എന്ന വാക്കിനുപകരം "പരിധി നിശ്ചയിക്കുന്നതും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(120) പീഠികയിൽ "പരമാവധി പരിധി" എന്ന വാക്കിനുശേഷം "നിശ്ചയിക്കുന്നതിനും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(125) ഖണ്ഡം 1(1)-ൽ "പരിധി" എന്ന വാക്കിനുശേഷം "നിർണ്ണയ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(127) ഖണ്ഡം 1(2)-ൽ "വഴി നിശ്ചയിക്കാവുന്ന" എന്ന വാക്കുകൾക്കുപകരം "ചെയ്യുന്ന" എന്ന വാക്ക് ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(101) ശീർഷകം താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്. "2003-ലെ കേരള ഗവൺമെന്റ് ഗാരന്റികളുടെ പരമാവധി പരിധി ഒഴിവാക്കൽ ബിൽ"

(105) ദീർഘ ശീർഷകം താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

ഗവൺമെന്റ് ഗാരന്റികൾക്ക് പരമാവധി "പരിധി നിബന്ധന ഏർപ്പെടുത്തുന്നത് ഒഴിവാക്കുന്നതു സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ".

(122) പീഠിക താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

"സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ അധികാര സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി കൊടുത്തിട്ടുള്ള ഗവൺമെന്റ് ഗാരന്റികൾ നാടിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും വേണ്ടിയായതിനാലും ഗവൺമെന്റ് ഗാരന്റികൾക്ക് പരമാവധി പരിധി നിശ്ചയിക്കുന്നത് സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യത്തിന് എതിരായതിനാലും യാതൊരു സാഹചര്യത്തിലും ഗവൺമെന്റ് ഗാരന്റികൾക്ക് പരമാവധി പരിധി നിശ്ചയിക്കാൻ പാടില്ലാത്തതാണെന്നതിനാലും."

(126) ഖണ്ഡം 1(1)-ൽ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

(1) "ഈ ആക്ടിന് 2003-ലെ കേരള ഗവൺമെന്റ് ഗാരന്റികളുടെ പരമാവധി സമയ പരിധി ഒഴിവാക്കൽ ആക്ട്" എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(106) പീഠികയിൽ നിന്ന് "സർക്കാർ വകുപ്പുകൾ" എന്ന ഭാഗം ഒഴിവാക്കുക.

ശ്രീ. പി. നാരായണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(109) പീഠികയിലെ "തദ്ദേശ അധികാര സ്ഥാനങ്ങൾ" എന്നത് "തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ" എന്നാക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(111) പീഠികയിൽ "സഹകരണ സ്ഥാപനങ്ങൾ" എന്നതിനുപകരം "ഗവൺമെന്റിന്റെ ഓഹരി മൂലധന പങ്കാളിത്തമുള്ള സഹകരണ സ്ഥാപനങ്ങൾ" എന്നു ചേർക്കുക.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(112) പീഠികയിൽ "സഹകരണ സ്ഥാപനങ്ങൾ" എന്നതിനുശേഷം "സ്പോർട്ട്സ് കൗൺസിൽ" എന്നുകൂടി ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(114) പീഠികയിൽ "സഹകരണ സ്ഥാപനങ്ങൾ" എന്നതിനുശേഷം "സർക്കാരിന് 50 ശതമാനത്തിലധികം ഷെയറുകളുള്ള അർദ്ധ സർക്കാർ സ്ഥാപനങ്ങൾ" എന്നുകൂടി ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(115) പീഠികയിൽ "സഹകരണ സ്ഥാപനങ്ങൾ" എന്ന വാക്കുകൾക്കുശേഷം "സർക്കാർ കമ്പനികൾ, യൂണിവേഴ്സിറ്റികൾ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(119) പീഠികയിൽ "പരമാവധി പരിധി" എന്ന വാക്കിനുശേഷം "നിർണ്ണയിക്കുന്നതിന്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(128) ഖണ്ഡം 1(2) താഴെ പറയുന്ന വിധത്തിൽ ഭേദഗതി ചെയ്യുക:

"(2) ഇത് 2004 ഏപ്രിൽ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 97, 102, 113, 123 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 99, 104, 108 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 100, 103, 120, 125, 127 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 101, 105, 122, 126 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. നാരായണൻ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള ഗവൺമെന്റ് ഗാരന്റികളുടെ പരമാവധി പരിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലിമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇതിൽ ഗവൺമെന്റ് ഗാരന്റി നിൽക്കുന്നത് സംബന്ധിച്ച് ഒരു വ്യവസ്ഥ വേണം എന്നുള്ള നിലയിൽ ഒരു അഭിപ്രായം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ട്. ഇവിടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. അതിനകത്ത് നിശ്ചിത തുക എന്ന് സീലിംഗ് വച്ചിട്ടില്ല. വെസ്റ്റ് ബംഗാളിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. വെസ്റ്റ് ബംഗാൾ നിയമത്തിൽ പറയുന്നത് സ്റ്റേറ്റ് റവന്യൂ റസീപ്റ്റിന്റെ 90 ശതമാനത്തിൽ അധികം പാടില്ല എന്നാണ്. അതേ സന്ദർഭത്തിൽ ഇവിടെ ഇൻഫ്രാസ്ട്രക്ചർ കോർപ്പറേഷന് കൊടുക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. അപ്പോൾ ഒരു പ്രൊവൈസോ വച്ച് അതിന് ഒരു സംരക്ഷണം കൊടുത്തിട്ടുണ്ട്. ഇപ്പോൾ ഈ ബിൽ പാസ്സാകുന്നതോടുകൂടി ഉണ്ടാകാൻ പോകുന്ന അവസ്ഥ, ഇപ്പോൾ തന്നെ നമ്മുടെ ഗവൺമെന്റ് എത്ര പേർക്ക് ഗാരന്റി നിന്നിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടില്ല. അവസാനം മറുപടി പറയുമ്പോഴെങ്കിലും അദ്ദേഹം അത് പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. 14,122 കോടി രൂപയാണ് കഴിഞ്ഞ വർഷത്തിൽ ഉണ്ടായത്. സ്വാഭാവികമായിട്ടും 10 ശതമാനം കൂടി കൂടാൻ ഇടയുണ്ട്. ഇപ്പോൾ തന്നെ 15,500 കോടി രൂപയ്ക്ക് എങ്കിലും ഗവൺമെന്റ് ഗാരന്റി നിന്നിട്ടുണ്ടാകും. 14,000 കോടി രൂപയുടെ ഗാരന്റി മാത്രമായിട്ട് പരിമിതപ്പെടുത്തുമ്പോൾ അത് പുതിയ പ്രശ്നങ്ങൾ ഉണ്ടാക്കാനിടയുണ്ട്. അതോടൊപ്പം ഇതുപ്രകാരം ഇനി പുതിയ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ഒരു സഹകരണ സ്ഥാപനം മുന്നോട്ടുവന്നാൽ, ഈ സീലിംഗ് നിശ്ചയിക്കുന്നതോടുകൂടി പുതിയ ഗാരന്റി നിൽക്കാൻ സമ്മതിക്കാതെ വരും. ഗാരന്റി നിൽക്കുമ്പോൾ ഈ സ്ഥാപനം മര്യാദയ്ക്ക് അത് ഉപയോഗിക്കുന്നുണ്ടോ എന്നാണ് പരിശോധിക്കേണ്ടത്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചൂണ്ടിക്കാണിച്ച കാര്യം അതാണ്. കൊപ്രയ്ക്കുവേണ്ടി ലോണെടുത്തിട്ട് കശുവണ്ടി സംഭരണത്തിനുവേണ്ടി ഉപയോഗിക്കുന്നു. ഇങ്ങനെ വക മാറ്റി ചെലവഴിക്കുന്നു. വീട് നിർമ്മാണത്തിനുവേണ്ടി ഹൗസിംഗ് ലോൺ എടുത്തിട്ട് അത് വീട് നിർമ്മാണത്തിനുവേണ്ടി ഉപയോഗിക്കാതിരിക്കുക. ഇത്തരത്തിലുള്ള കാര്യങ്ങൾക്കുവേണ്ടി നമ്മൾ ഗാരന്റി നിൽക്കുമ്പോൾ അത് യഥാർത്ഥത്തിലുള്ള ഉദ്ദേശം നടക്കുന്നില്ല എന്ന കാര്യമാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചൂണ്ടിക്കാണിച്ചത്. അത് സംബന്ധിച്ച് ഒരു നിയമനിർമ്മാണം വേണം എന്നതാണ് പി.എ.സി. അഭിപ്രായപ്പെട്ടത്. ഇപ്പോൾ ഇവിടെ സീലിംഗ് വച്ചതോടുകൂടി ഉണ്ടാകാൻ പോകുന്ന അവസ്ഥ, സഹകരണ സ്ഥാപനങ്ങളോ തദ്ദേശ ഭരണ സ്ഥാപനങ്ങളോ അതുപോലുള്ള സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് നമുക്ക് നാളെ ഗാരന്റി നിൽക്കാൻ സാധിക്കാതെ വരും. ഗാരന്റി നിന്നാൽ ഗവൺമെന്റിന് നഷ്ടമില്ല. അവർ ഗാരന്റി കമ്മീഷൻ തരണം. യഥാർത്ഥത്തിൽ ഗാരന്റി കമ്മീഷൻ വസൂലാക്കുന്ന കാര്യത്തിൽ നമ്മൾ പരാജയപ്പെടുന്നു എന്നതാണ് ഇപ്പോൾ ഇവിടെ ഗൗരവതരമായ കാര്യം. അതോടൊപ്പം പി.എ.സി. ചൂണ്ടിക്കാണിച്ച കാര്യം, പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് നാം ഗാരന്റി നിൽക്കുന്ന കാര്യമാണ്. സ്വകാര്യ സ്ഥാപനങ്ങൾക്ക് ഗാരന്റി നിൽക്കുന്നതോടുകൂടി ഇത്തരം സ്ഥാപനങ്ങൾ ഗാരന്റി

1.00 P.M.]

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷൻ പോലും കൊടുക്കുന്നില്ല. വലിയ തോതിൽ വീഴ്ച വരുത്തിയതായി റിപ്പോർട്ട് വന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ അതിന് വ്യവസ്ഥാപിതമായ ഒരു നിയമം വേണം എന്ന രീതിയിൽ ചിന്തിക്കുന്ന സമയത്ത്, ഇപ്പോൾ ഈ പുതിയ ബിൽ പാസ്സാകുന്നതോടു കൂടി ഉണ്ടാകാൻ പോകുന്നത് നമ്മുടെ വികസന രംഗത്ത് മുരടിപ്പ് ഉണ്ടാകും എന്നുള്ളതാണ്. ഇപ്പോൾ 50,000 കോടി രൂപയുടെ മൂലധനം സമാഹരിക്കുന്നതിനുവേണ്ടി നമ്മൾ നടത്തുന്ന ഈ പരിശ്രമത്തിനിടയിൽ, ഇതിൽ സഹകരണ സ്ഥാപനങ്ങൾ ഉണ്ടാകാം, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ ഉണ്ടാകാം, മറ്റ് വിവിധ ഏജൻസികൾ ഉണ്ടാകാം, ഈ ഏജൻസികൾ നടത്തുന്ന പ്രവർത്തനത്തിനുവേണ്ടി ഗവൺമെന്റ് ഗാരന്റി നിൽക്കുകയാണെങ്കിൽ സീലിംഗ് ഇത്ര ചുരുക്കി നിശ്ചയിക്കുന്നതിന്റെ പേരിൽ സാധിക്കാതെ വരും. ഇപ്പോൾ തന്നെ സഹകരണ മേഖലയിൽ ധാരാളം സംരംഭങ്ങൾ വരുകയാണ്. കൊച്ചിയിലെ മെഡിക്കൽ കോളേജ് വികസിപ്പിക്കണമെങ്കിൽ ചിലപ്പോൾ ഗാരന്റി നിൽക്കേണ്ടിവരും. ഹഡ്കോയിൽ നിന്നും ലോണെടുക്കേണ്ട സ്ഥിതി വന്നാൽ ഗാരന്റി നിൽക്കണ്ടേ? തലശ്ശേരിയിലെ കോ-ഓപ്പറേറ്റീവ് ആശുപത്രിക്കുവേണ്ടി ലോൺ കൊടുത്തിട്ടുണ്ട്. അതിന് ഗാരന്റി നിന്നിട്ടുണ്ട്. അങ്ങനെയുള്ള സ്ഥാപനങ്ങൾക്കുവേണ്ടി ഗാരന്റി നിൽക്കുന്നതിന്റെ ഫലമായിട്ട് വികസന പ്രവർത്തനമാണ് നടക്കുന്നത്. ഇപ്പോൾ ഈ സീലിംഗ് നിശ്ചയിച്ചതിന്റെ ഫലമായി ഇത്തരം വികസന പ്രവർത്തനങ്ങളിൽ മുരടിപ്പ് ഉണ്ടാകുന്ന അവസ്ഥ ഇവിടെ വന്നേയ്ക്കും. അതോടൊപ്പം തന്നെ സഹകരണ മേഖലയിൽ ഇപ്പോൾ മാർക്കറ്റിംഗ് ഫെഡറേഷൻ, റബ്കോ ഇങ്ങനെയുള്ള വിവിധ സ്ഥാപനങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞത്, ഈ സ്ഥാപനങ്ങളുടെ വികസനത്തിനുവേണ്ടി ചിലപ്പോൾ ലോൺ എടുക്കേണ്ടിവരും. ആ സ്ഥാപനങ്ങൾക്ക് അത് ലാഭകരമായി നടത്തണമെങ്കിൽ സ്ഥാപനത്തിന് അത് മുതൽക്കൂട്ടാണ്. ഇവിടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായ ലോൺ എടുക്കുന്ന കാര്യത്തിൽ ഇങ്ങനെ ഒരു സീലിംഗ്, നിയന്ത്രണം വയ്ക്കുന്നത് അപകടകരമായ ഒരു സ്ഥിതി ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഈ സീലിംഗ് വയ്ക്കുന്നതിനെക്കുറിച്ച് എതിർത്തത്. അതേ സന്ദർഭത്തിൽ നമുക്ക് സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കണം. ആ താൽപ്പര്യം സംരക്ഷിക്കത്തക്കവിധത്തിലുള്ള ക്രമീകരണം ഏർപ്പെടുത്തുകയാണ് വേണ്ടത്. അതിനുപകരം ഇത്തരം സീലിംഗ് കൊണ്ടുവന്നതോടുകൂടി ഗുരുതരമായ സ്ഥിതി വിശേഷം നാളെ മുതൽ ഇവിടെ സംഭവിക്കാൻ പോകുന്നു. അത് ആക്ട് ആയിട്ട് മാറുന്നതോടുകൂടി വികസന രംഗത്ത് വലിയ പ്രത്യാഘാതം ഈ സംസ്ഥാനത്ത് ഉണ്ടാകും എന്നുള്ളതുകൊണ്ടാണ് ഈ സീലിംഗ് വയ്ക്കുന്ന നടപടിയെ ശക്തമായി എതിർക്കുന്നത്. മറ്റു ഭാഗങ്ങളെ സംബന്ധിച്ച് ക്രമീകരണങ്ങൾ ആവശ്യമായിട്ടുണ്ട്. അത് കൂടുതൽ സുതാര്യമാക്കുന്നതിനും കൂടുതൽ ശക്തമായിട്ട് ആവശ്യമായ വകുപ്പുകളിൽ ഉൾപ്പെടുത്തണമെന്നുള്ള കാര്യമാണ് ഞങ്ങൾ ഭേദഗതിയായിട്ട് നിർദ്ദേശിച്ചിരിക്കുന്നത്. അതൊന്നും അദ്ദേഹം അംഗീകരിക്കുകയില്ല. ഏതായാലും 14,000 കോടി രൂപയെന്ന് നിജപ്പെടുത്തുന്ന സാഹചര്യം വന്നാൽ നമ്മുടെ വികസന പ്രക്രിയയിൽ വലിയ മുരടിപ്പ് ഉണ്ടാകും എന്നുള്ളതുകൊണ്ടാണ് ഈ സമീപനത്തെ ഞങ്ങൾ ശക്തമായിട്ട് എതിർക്കുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഇത് ഇംപ്ലിമെന്റ് ചെയ്യുന്ന സന്ദർഭത്തിൽ ഉണ്ടാകാൻ പോകുന്ന ഒന്നുരണ്ട് വിഷയം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഉണ്ടായ ഉത്തരവുകൾ പുതിയ ഗവൺമെന്റ് ഓർഡർ പ്രകാരം നടപ്പാക്കുകയാണ്. ആ ഉത്തവുകൂടി വച്ചുകൊണ്ടാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സാമ്പത്തികമായി ഗവൺമെന്റ് നൽകുന്ന സഹായം കുറയുന്നു. ഗാരന്റി നിന്നുകൊണ്ട് അവർക്ക് വായ്പയെടുക്കാനുള്ള സൗകര്യംകൂടി നഷ്ടപ്പെട്ടുപോയാൽ ഇന്നു തന്നെ പ്രതിസന്ധിയിൽ നിൽക്കുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളെയും ഗുരുതരമായ ബുദ്ധിമുട്ടിലേക്ക് വഴിതെളിക്കും. അതുകൊണ്ട് ഈ നിയമങ്ങൾ നിശ്ചയിക്കുമ്പോൾ, അത് നടപ്പിലാക്കുമ്പോൾ, വ്യവസായ സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി ഗൗരവമായി ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടാകണം. അതുപോലെ തന്നെ സ്വാശ്രയ സ്ഥാപനങ്ങളുടെ കാര്യം ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ചതാണ്. സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഉൾപ്പെടെ നിന്നിട്ടുള്ളതാണ്. അവരാണ് ഇതിൽ വീഴ്ച വരുത്തുന്നത്. ഗവൺമെന്റ് സ്ഥാപനങ്ങൾ വീഴ്ച വരുത്തിയാൽ അത് പബ്ലിക് സ്ഥാപനം തന്നെയാണെന്ന് വിചാരിക്കാം. ഈ നിയമം പാസ്സാക്കി നാളെ നടപ്പിലാക്കി വരുമ്പോൾ ഈ കമ്മീഷൻ കൊടുക്കുന്നത് ഒഴിവാകും. അതിന്റെ പിഴ കൊടുക്കുന്നത് ഒഴിവാകും. ഒരു പക്ഷേ അവരുടെ ബാധ്യതകൂടി നമ്മൾ ഏറ്റെടുക്കേണ്ടിവന്നാൽ..... അതാണ് ശ്രീ. ബിനോയ് വിശ്വം ഇവിടെ ചൂണ്ടിക്കാണിച്ചത്. മഹാരാഷ്ട്രയിൽ എൻറോൺ പ്രശ്നത്തിന്റെ അവസാനം മുഴുവൻ തകർന്നു പോവുക മാത്രമാണ് ചെയ്തത്. ആ ബാധ്യത മുഴുവൻ മഹാരാഷ്ട്ര സ്റ്റേറ്റ് ഗവൺമെന്റിന്റെ മേൽ വന്നു പതിച്ചതാണ് ഇപ്പോൾ മഹാരാഷ്ട്ര സ്റ്റേറ്റിൽ അനുഭവിക്കുന്ന ഏറ്റവും വലിയ സാമ്പത്തിക പ്രശ്നങ്ങൾ. അതുകൊണ്ട് ഈ പഴുത് ഉപയോഗിച്ച് ഗവൺമെന്റിന് കിട്ടേണ്ട കാശ് നഷ്ടപ്പെട്ടുപോകാതെ ഇത് ഇംപ്ലിമെന്റ് ചെയ്യുന്ന സമയത്ത് വളരെ ശ്രദ്ധിക്കേണ്ട കാര്യമാണ്. നമുക്ക് ഗാരന്റി കമ്മീഷനായി കുറച്ചു കാശ് കിട്ടാനുണ്ട്. അത് കൃത്യമായി മോണിറ്റർ ചെയ്യാനും പിരിച്ചെടുക്കാനും നമ്മുടെ ധനകാര്യ വകുപ്പും ബന്ധപ്പെട്ട വകുപ്പുകളുമൊക്കെ ശ്രദ്ധിച്ചാൽ ഗവൺമെന്റിന് വരുമാനം കിട്ടും. ആ വരുമാനം ഉപയോഗത്തിൽ പബ്ലിക് സ്ഥാപനങ്ങൾക്കുവേണ്ടി കൊണ്ടുവരുന്നതായതുകൊണ്ട് പബ്ലിക് സെക്ടറിലെ തൊഴിലാളികൾക്ക്, അതുപോലെ തന്നെ പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ ഉന്നമനത്തിന് ഗവൺമെന്റിന് സഹായിക്കാൻ കഴിയുന്ന സാഹചര്യത്തിൽ ഈ പണം അതിനുവേണ്ടി ഉപയോഗിക്കാൻ ശ്രമിക്കണം. ഈ പരിധി നിശ്ചയിച്ചാൽ നാളെ മുതൽ എല്ലാ സ്ഥാപനങ്ങളും അപകടകരമായ സ്ഥിതിവിശേഷത്തിലേക്ക് പോകാൻ ഇടവരും. ഇതിൽ ഗവൺമെന്റിന് വളരെയധികം ശ്രദ്ധയും ജാഗ്രതയും ഉണ്ടാകണം എന്നുകൂടി സൂചിപ്പിക്കുകയാണ്. ഈ രണ്ടു ബില്ലും പരസ്പരം ബന്ധപ്പെട്ടതായതുകൊണ്ട് ഇത് ഒരുമിച്ച് ചർച്ചയ്ക്കെടുത്തത് നന്നായി. അതുകൊണ്ട് ഈ രണ്ടു ബില്ലും ഒരുമിച്ച് പാസ്സാക്കി കഴിഞ്ഞാൽ കേരളത്തിലെ വ്യവസായ തൊഴിൽ മേഖലകളിൽ, നമ്മുടെ അടിസ്ഥാന സൗകര്യം ഉപയോഗപ്പെടുത്തുന്നതിൽ, വികസന കാര്യത്തിലൊക്കെ വലിയ തോതിലുള്ള തിരിച്ചടിക്ക് സാധ്യതയുണ്ട് എന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കാൻ നിർബന്ധിതമായത് എന്നുകൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. സി. കെ. നാണു: സർ, ഇവിടെ ഈ സാമ്പത്തിക മേഖലയിൽ സർക്കാരിന് കേന്ദ്ര ഗവൺമെന്റും റിസർവ് ബാങ്കും ഒക്കെ സാമ്പത്തിക സഹായങ്ങൾ നൽകുന്നത് സ്വാഭാവികമായി മാറിക്കൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന് കെ.എസ്.ആർ.ടി.സി., വളരെക്കാലമായി കെ.എസ്.ആർ.ടി.സി.-ക്ക് സംസ്ഥാന ഗവൺമെന്റ് ഫണ്ട് അനുവദിക്കുന്നില്ല. അതേ അവസരം ഇപ്പോൾ നബാർഡ്, ഹഡ്കോ തുടങ്ങി പല ഏജൻസികളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നു. ഇതിന് ഒരു നിയന്ത്രണം ഏർപ്പെടുത്തിയാൽ നമ്മുടെ നാട്ടിലെ ഈ പൊതുമേഖലാ സ്ഥാപനങ്ങൾ അടക്കം അനേകം ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന മേഖലകളിൽ സാമ്പത്തിക സഹായത്തിന് തടസ്സം ഉണ്ടാകും. അതുപോലെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കുറേ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗാരന്റി നിന്നതിന്റെ ഫലമായി ഉണ്ടായ നഷ്ടം അത് സർക്കാർ തിരിച്ചടയ്ക്കേണ്ടി വന്നതിനെ സംബന്ധിച്ചൊക്കെ സൂചിപ്പിച്ചു. ഇപ്പോൾ ഇന്ത്യയിലെ സാമ്പത്തിക മേഖല പരിശോധിക്കുന്ന അവസരത്തിൽ ഇന്ത്യയിലെ വൻകിട കുത്തകക്കാർക്ക് വൻകിട വ്യവസായികൾക്ക് ഇന്ത്യാ ഗവൺമെന്റ് പണം കൊടുത്തതിന്റെ ഫലമായി ഇവിടെ ദേശസാൽകൃത ബാങ്കും, ഇന്ത്യാ ഗവൺമെന്റിന്റെ സാമ്പത്തിക ഏജൻസികളും എഴുതിത്തള്ളേണ്ടിവന്ന പണത്തിന്റെ തോതുമായി തുലനം ചെയ്യുന്ന അവസരത്തിൽ ഗവൺമെന്റ് നഷ്ടം സഹിക്കേണ്ടിവന്നു എന്നുപറഞ്ഞത് വളരെ ചുരുക്കമാണ്. സാധാരണക്കാരുടെ വോട്ട് വാങ്ങിച്ച് അധികാരത്തിൽ വന്ന ഗവൺമെന്റ് അടിസ്ഥാനപരമായി ജനങ്ങൾക്ക് തൊഴിൽ ലഭിച്ച് അതുവഴി ജനങ്ങൾക്ക് അവശ്യ സാധനങ്ങൾ വാങ്ങിക്കാനുള്ള കഴിവ് നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും എങ്ങനെ സഹായകരമാകുന്നു എന്ന തോതിലാണ് ഏത് സാമ്പത്തിക മേഖലയിൽ ഉള്ള ബില്ലുകൾ അവതരിപ്പിച്ച് നിയമം കൊണ്ടുവരുന്ന അവസരത്തിലും സർക്കാർ ശ്രമിക്കേണ്ടത്. ആ ഒരു സമീപനം ഈ നിയമം പാസ്സാക്കി നടപ്പിലാക്കുന്ന ഗവൺമെന്റിന് ഉണ്ടാകണം. അതല്ലെങ്കിൽ ഈ രാജ്യത്തിലെ ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കും.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ബഹുമാനപ്പെട്ട കോടിയേരിയും, ശ്രീ. രാജേന്ദ്രനും വളരെ അനുകൂലമായ രണ്ട് മൂന്ന് അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആ അഭിപ്രായങ്ങൾ തീർച്ചയായും ഗവൺമെന്റ് അംഗീകരിച്ച് മാനിക്കുന്നതാണ്. പ്രധാനമായി പറഞ്ഞത് വക മാറി ചെലവ് ചെയ്യുന്നതിനെ കുറിച്ചാണ്. വകമാറി ചെലവ് ചെയ്യുക ഒരു കാരണവശാലും ന്യായീകരിക്കാൻ പറ്റുന്നതല്ല. മുൻകാലങ്ങളിൽ അങ്ങനെ ചെലവുചെയ്തിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാവിയിൽ ആ വിധത്തിലുള്ള വകമാറി ചെലവുചെയ്യുന്ന കാര്യത്തെ കുറിച്ച് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധ വയ്ക്കുന്നതാണ്. കോ-ഓപ്പറേറ്റീവ് സെക്ടറിൽ ഉള്ള ഗാരന്റികൾക്ക് ഒരു കാരണവശാലും ബുദ്ധിമുട്ടുകൾ വരില്ല. നന്നായി നടത്തുന്ന കോ-ഓപ്പറേറ്റീവ് സെക്ടർ പ്രത്യേകിച്ച് റബ്കോ പോലുള്ള അല്ലെങ്കിൽ പബ്ലിക് സെക്ടർ ഈ മാതിരിയുള്ളതിന് യാതൊരു ബുദ്ധിമുട്ടും വരില്ല. ഹഡ്കോയിൽ നിന്നും ഇതിന് വരുന്നില്ല. അതേ മാതിരി ലാഭകരമായി നടത്തപ്പെടുന്ന പബ്ലിക് സെക്ടറിന്റെ കാര്യത്തിലും നമുക്ക് ബുദ്ധിമുട്ട് വരുന്നില്ല. പിന്നെ ഈ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് ശ്രീ. രാജേന്ദ്രൻ പറഞ്ഞത് തീർച്ചയായിട്ടും അതിന് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നതാണ്. പക്ഷേ എന്നും നഷ്ടത്തിൽ പോകുന്നത് നമുക്ക് കൊടുക്കാൻ സാധിക്കില്ല. ഇപ്പോൾ തന്നെ അങ്ങനെ ഗാരന്റി നിന്നിട്ട് 80 കോടി രൂപ ഗവൺമെന്റിന് കൊടുക്കേണ്ടതായിട്ട് വന്നിട്ടുണ്ട്. ഇവിടെ ശ്രീ. കോടിയേരി ആദ്യം ചോദിച്ച ഒരു കാര്യം 14,122 കോടി രൂപയാണ്. 31-3-2002 വരെ കൊടുത്ത ഗാരന്റി. അതിൽ 11,816 കോടി രൂപയിൽ 9,745 കോടി രൂപയാണ് മുതൽ. അതിൽ 2,071 കോടി രൂപ പലിശയാണ്. അങ്ങനെ ഇപ്പോഴത്തെ നമ്മുടെ സ്ഥിതി എന്നുപറഞ്ഞാൽ 11,816 കോടി രൂപയാണ്. അതുകൊണ്ടാണ് നമ്മൾ ഈ 14,000 എന്ന് നിശ്ചയിച്ചിരിക്കുന്നത്. ഇത് അങ്ങനെ ഫ്ളക്സിബിൾ അല്ലെന്ന് വിചാരിക്കണ്ട. ആവശ്യമായി ഗവൺമെന്റിന് അങ്ങനെ ഒരു പ്രത്യേക സാഹചര്യം വന്നാൽ നമുക്ക് അതിൽ മാറ്റങ്ങൾ വേണമെങ്കിൽ വരുത്താവുന്നതാണ്. വെസ്റ്റ് ബംഗാളിലെ ബില്ലിൽ അത് പ്രത്യേകമായി പറഞ്ഞിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട് എങ്കിലും അവർ 90 ശതമാനം എന്നു പറഞ്ഞിട്ടുണ്ട്. നമ്മുടേതും ഏകദേശം അത്രത്തോളമേ വരികയുള്ളൂ. അതുകൊണ്ട് ഈ ബില്ലിന്റെ ഉദ്ദേശശുദ്ധി വളരെ നല്ലതാണ്. തീർച്ചയായും നമുക്ക് അത് ഗവൺമെന്റിന് അനുകൂലമായ ഒരു സ്ഥിതിയുണ്ടാക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: നമുക്ക് പ്രത്യേക ആവശ്യമായി വന്നാൽ അങ്ങനെ ഒരു സാഹചര്യത്തിൽ ഇത് കൂട്ടി എടുക്കണമെങ്കിൽ ഈ സഭയിൽ അവതരിപ്പിച്ച് സഭ ഏകകണ്ഠമായി പാസ്സാക്കിയാൽ ഈ നിയമത്തെ മറികടന്നുകൊണ്ട് വാങ്ങാൻ കഴിയുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: സഭ എന്നുപറയുന്നതാണല്ലോ ഈ നിയമം പാസ്സാക്കുന്നത്. നമ്മൾ കോൺസ്റ്റിറ്റ്യൂഷന് അമെന്റ്മെന്റ്സ് കൊണ്ടുവരുന്നില്ലേ? അതുകൊണ്ട് ഇതിന്റെ ഉദ്ദേശശുദ്ധി എന്നുപറയുന്നത് ഗവൺമെന്റ് വളരെ നല്ല ഉദ്ദേശത്തോടുകൂടിയാണ് കൊണ്ടുവന്നിരിക്കുന്നത്. ബിൽ പാസ്സാക്കിത്തരണം എന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2002-ലെ കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ—57

1. Sri Cherkalam Abdulla
2. ,, Kalathil Abdulla
3. ,, C. T. Ahammed Ali
4. ,, A. P. Anil Kumar
5. ,, A. K. Antony
6. ,, E. M. Augusthy
7. ,, K. Babu
8. ,, R. Balakrishna Pillai
9. ,, P. K. K. Bava
10. ,, T. V. Chandramohan
11. ,, K. A. Chandran
12. ,, M. A. Chandrasekharan
13. ,, Domenic Presentation
14. ,, Prayar Gopalakrishnan

LIBRARY ARCHIVES Kerala Legislative Assembly

15. Smt. K. R. Gouri Amma
16. Sri M. M. Hassan
17. ,, V. K. Ibrahim Kunju
18. ,, K. C. Joseph
19. ,, Joseph M. Puthusseri
20. ,, P. J. Joy
21. ,, K. K. Nair
22. Dr. M. A. Kuttappan
23. Sri Ludy Luiz
24. ,, E. T. Muhammed Basheer
25. ,, K. Mohankumar
26. ,, A. K. Moni
27. ,, C. Moyinkutty
28. ,, M. K. Muneer
29. ,, M. Murali
30. ,, Oommen Chandy
31. ,, M. K. Paulson Master
32. ,, T. N. Prathapan
33. ,, G. Prathapa Varma Thampan
34. ,, Thiruvanchoor Radhakrishnan
35. ,, T. U. Radhakrishnan
36. Smt. Radha Raghavan
37. Sri A. N. Rajan Babu
38. ,, Thampanoor Ravi
39. ,, T. P. M. Sahir
40. ,, N: Sakthan
41. ,, P. Sankaran
42. ,, K. Sankaranarayanan
43. Smt. Malethu Sarala Devi
44. Sri V. D. Satheesan

LIBRARY ARCHIVES Kerala Legislative Assembly

45. Prof. Savithri Lekshmanan
46. Smt. Sobhana George
47. Sri K. Sudhakaran
48. ,, A. Sujanapal
49. ,, N. Sundaran Nadar
50. Prof. K. V. Thomas
51. Sri P. T. Thomas
52. ,, Thomas Chazhikadan
53. ,, Thomas Unniyadan
54. ,, Umesh Challiyil
55. ,, M. A. Waheed
56. ,, K. C. Venugopal
57. ,, K. P. Viswanathan

പ്രതികൂലിക്കുന്നവർ—32

1. Sri A. A. Azees
2. ,, Kodiyeri Balakrishnan
3. ,, A. K. Balan
4. ,, T. K. Balan
5. ,, Binoy Viswam
6. ,, V. K. Chandran
7. ,, V. Chenthamarakshan
8. ,, T. K. Deva Kumar
9. ,, P. C. George
10. Smt. Girija Surendran
11. Sri K. K. Jayachandran
12. ,, M. V. Jayarajan
13. ,, P. Jayarajan
14. ,, M. Kumaran
15. ,, K. V. Kunhiraman
16. ,, Kovoor Kunjumon

LIBRARY ARCHIVES Kerala Legislative Assembly

17. Sri V. K. C. Mammathu Koya
18. ,, Mathai Chacko
19. ,, K. P. Mohanan
20. ,, Pirappancode Murali
21. ,, C. K. Nanu
22. ,, P. Narayanan
23. Dr. A. Neelalohithadasan Nadar
24. Sri. K. Radhakrishnan
25. ,, N. Rajan
26. ,, K. P. Rajendran
27. ,, Raju Abraham
28. ,, T. P. Ramakrishnan
29. ,, K. P. Satheesh Chandran
30. Smt. P. K. Sreemathi Teacher
31. Sri P. S. Supal
32. Dr. Thomas Issac

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—57

പ്രതികൂലിക്കുന്നവർ—32

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ആഗസ്റ്റ് മാസം 14-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 1.17-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly